ന്നമായി തങ്ങൾതങ്ങടെ പ്രകൃതിയ്ക്കു തക്കവണ്ണമെ മംഗലവേദവാക്കിന്നർത്ഥത്തെ ചൊല്ലികൊണ്ടാർ ഇങ്ങിനെ പ്രകൃതിവൈചിത്ര്യത്താൽ നരന്മാർക്കുടെ ഇംഗചിത്തങ്ങൾ ഭേദിയ്ക്കപ്പെട്ടന്നിതു സഖെ ഗുരുപാരമ്പര്യ്യേണ ചിലരുണ്ടേ പാഷണ്ഡന്മാർ പരമവേദത്തിന്നു വിപരീതാർത്ഥത്തെ ചൊല്ലു മറ്റന്മാർ പാഷണ്ഡചിത്തന്മാരെന്നറിഞ്ഞാലു നിൎണ്ണയം മന്മായയാമൊഹിതധീകളായ നരന്മാരവരവർകൎമ്മാനുസാരമായും പരിചിലവരവരഭിപ്രായംപോലെയും ശ്രേയസ്സാധനങ്ങളെ ബഹുവായ്ച്ചൊല്ലീടുന്നു പ്രായെണ ധൎമ്മം ശ്രേയസ്സാധനമെന്നു ചിലർ കീൎത്തിയെന്നിതു ചിലർ കാമമെന്നിതു ചിലർ കീൎത്തിച്ചാർ സത്യം ദമം ശമവുമെന്നും ചിലർ സ്വാൎത്ഥമൈശ്വൎയ്യമെന്നു വദിച്ചീടുന്നു ചിലർ ഭുക്തിയായ്ക്കുമിഷ്ടയും ത്യാഗവുമെന്നും ചിലർ യാഗവും തപോദാനം വ്രതവും നിയമവും യോഗധ്യയത്തെന്നൽകും യമവുമെന്നും ചിലർ ഇച്ചൊന്നകൎമ്മഫലം തത്സാദ്ധ്യലോകങ്ങളും നിശ്ചയമാദ്യന്തവത്തുക്കളാമത്രയല്ല ഏതുമുദ്ദുഃഖോദൎക്കങ്ങളജ്ഞാനാവസാനങ്ങൾ ക്ഷുദ്രാനന്ദങ്ങളസൂയാദിഭിഃപൂൎണ്ണങ്ങളും മയ്യർപ്പിതാത്മാവായി നിരപേക്ഷനായുള്ള പൊയ്യില്ലാനന്ദരൂപനാമെന്നൊടൈക്യഭാവം പൂണ്ടുള്ള ശുദ്ധചിത്തനായുള്ളോരാളുള്ള സുഖം വേണ്ടാസന്ദേഹം വിഷയാത്മാക്കൾക്കുണ്ടാകയൊ ദാന്തനായകിഞ്ചനനായുമച്ചേതസ്സായി ശാന്തനായെന്നോടൊത്തുള്ള തുഷ്ടചിത്തനായൊരു നൊക്കിയനൊക്കിയദിക്കെല്ലാമെ സുഖമയം നികമിട്ടുവൻ സത്യലോകവും ദേവലോകം എന്നല്ല സൎവ്വലോകം തത്തമാധിപത്യവും ഉന്നതയോഗങ്ങടെ സിദ്ധിയുമത്രയല്ലാ നല്ലൊരു മൊക്ഷത്തെയും മയ്യർപ്പിതാത്മാവായൊൻ കില്ലില്ലിച്ഛിക്കയുമില്ലെന്നെ വിട്ടന്യമൊന്നിന്നെപ്പോലുള്ള ഭക്തനെങ്ങിനെന്നുക്കിഷ്ടനെന്നതുപോലെ പ്രിയനായ്വരാ മല്പുത്രനാം ധാതാവും മത്സ്വരൂപനായുള്ള ശങ്കരനും ഭ്രാതാസങ്കർഷണനും ഭാൎയ്യയാം ശ്രീദേവിയും മാമക ശ്രീമൂൎത്തിയുമെന്നു ധരിച്ചാലും സമൊദം കൈകൾക്കനിരപേക്ഷനായ്മൌനിയായി ശാന്തനായ്ദ്വേഷനായ്സമദൃഷ്ടിയായൊരു ഞാനോന്നംവിടാതെ നടന്നീടുന്നെന്നവരുടെ പാദരേണുക്കളാലെന്നുള്ളിലെബ്രഹ്മാണ്ഡങ്ങൾ പൂതമായ്വരിക്കട്ടെ എന്നു ചിന്തിച്ചു സഖെ തന്നിലും കാമത്തൊന്നുപോലുമില്ലാതവരായെന്നൊരനുപന്ദരാം ചേതസ്സുകളാസ്സന്തരായഹം മൈത്രീമാനായ്പൊതരായസ്ഥാനത്തിലഖില ജീവന്മാരിൽ വത്സലരായ്ത്സമത്താലസ്പൃഷ്ടചിത്തന്മാരാം മഹിയന്മാർ സാമോദം നിൎമ്മപേക്ഷ്യരായയാതൊരുസുഖം സേവിച്ചീടുന്നു എന്നാലതിനെയവർതന്നെ കേവലമറിഞ്ഞീടുമന്യന്മാരറിവീലാ ഉത്തമഭക്തതടെകഥനിയ്ക്കപ്പെടുന്നതെത്രയും പ്രാകൃതനാം ഭക്തനമെടൊ സഖെ അജിതേന്ദ്രിയനെന്നായിട്ടിലും വിഷയത്താലനിശം ബാദ്ധ്യമാനനെങ്കിലും മിക്കവാറും പ്രഗത്ഭഭക്തികൊണ്ടു ക്രമത്തിൽ വിഷയത്താൽ പ്രശസ്തൻ പരിഭവിച്ചീടപ്പെടുന്നതില്ലെന്നുമെങ്ങിനെ പാരം സമിദ്ധജ്വാലനായുള്ള അഗ്നി തീൎത്തിടുമിന്ധനമെല്ലാം ഭസ്മമാക്കിച്ചെയ്യുന്നു അങ്ങിനെ മദ്വിഷയഭക്തിയുദ്ധവ കേൾ തുംഗപാപൌഘങ്ങളെ സൎവ്വവും ദഹിപ്പിയ്ക്കും ഊർജ്ജിതയാകുമൊരു ഭക്തിയെങ്ങിനെയെന്നെ സാദ്ധ്യമാക്കികൊള്ളുന്നിതങ്ങിനെ ധൎമ്മം സാംഖ്യം സ്വാദ്ധ്യായം യോഗം തപസ്ത്യാഗവുമിത്യാദികൾ സാദ്ധ്യമാക്കുകയില്ലെന്നറികമഹാമതെ സത്തുകൾക്കെല്ലാം പ്രിയനായാത്മാവായുള്ള ഞാൻ ശ്രദ്ധായുക്തയായുള്ള ഭക്തിയൊന്നിനാൽ ഗ്രാഹ്യൻ അന്ത്യജന്മാരെയുമെന്നിഷ്ഠയായുള്ള ഭക്തി എന്തൊരാശ്ചര്യം ജാതിയിങ്കനിന്നു ശുദ്ധമാക്കും സത്യാനുകമ്പായുക്തമാകിയ ധൎമ്മവും ശുദ്ധമാം തപസ്സോടുയുക്തയാം വിദ്യയതും മൽഭക്തിഹീനചിത്തനായുള്ള പുരുഷനെ നിശ്ശേഷം ശുദ്ധനാക്കുകയില്ലാ നൂനം പുളകോൽഗമം കൂടാതെയുമെന്നല്ല ചിത്തമലിയാതെയുമാനന്ദാശ്രുധാരകൾ മെമേൽ പൊഴിയാതെയും ഭക്തി ഉണ്ടാകുന്നതെങ്ങിനെ ചൊൽവൂ വഴിയെ പൂൎണ്ണയായ ഭക്തിയില്ലെന്നാൽ പിന്നെ എങ്ങിനെ ചിത്തശുദ്ധിവരുന്നു വരവീലാ മംഗലഭക്തികൊണ്ടു ഗൽഗദവചസ്സായും അലിഞ്ഞ ചിത്തനായുമുള്ളവൻ ഹസിയ്ക്കുന്നു ചിലനേരത്തു രോദിച്ചീടുന്നു വിലജ്ജനായി ഗാനം ചെയ്യുന്നു നൃത്തം ചെയ്യുന്നു പ്രമോദത്താൽ നൂനം മൽഭക്തൻ ഭുവനം ശുദ്ധമാക്കീടുന്നു അഗ്നിയാൽ താപിതമാം സുവൎണ്ണം നിജമല മൊക്കവെ നഷ്ടമായിപ്പിന്നെ തൻ പൂൎവ്വരൂപം ഭജിച്ചീടുന്നപോലെ കൎമ്മവാസനകളെ ത്യജിച്ചാത്മാവും മൽഭക്തിയോഗത്തിനാലെ മദ്രൂപതാം പ്രാപിച്ചീടുന്നിതറികെടൊ സുമതെ സാരമായതിനിയും ചൊല്ലീടുന്നേൻ എങ്ങിനെ എങ്ങിനെ മൽപുണ്യഗാഥാദിയുടെ മംഗലശ്രവണകീൎത്തനങ്ങൾ കൊണ്ടീയാത്മാ ശോധിയ്ക്കപ്പെടുമെന്നാലങ്ങിനെയങ്ങിനെയ ബോധമുണ്ടാതെ തത്വസൂക്ഷ്മത്തെ ദൎശിയ്ക്കുന്നു അഞ്ജനമെഴുതുമ്പോൾ നേത്രരോഗങ്ങൾ തീൎന്നി

ട്ടുള്ളസാരസൎവ്വംകാണപ്പെടുന്നപൊലെതന്നെ ഭക്തരെവാന്തൎവ്യാപാരമായ ഉള്ളതാനം ഭക്തിജ്ഞാ
നങ്ങൾവെറല്ലെന്നിതിൻഭാവസാരം അത്രയുമല്ലജ്ഞാനമെന്നുചൊല്ലീടുന്നതു ചിത്തംകെൾമൊകാര
മായുതിന്നെമിപ്പതാം അതുറാംഭജിച്ചീടുന്നവനസ്വഭാവത്തെ സതതംഭവിയ്ക്കുന്നുപ്രയത്നാന്തരംവി
നാ എന്നുള്ളൎത്ഥത്തെസദൃഷ്ടാന്തമായ്ചൊല്ലീടുന്നെൻ നന്നായിശ്രവിച്ചീടുകുദ്ധവമമസഖെ വിഷ
യങ്ങളെധ്യാനിയ്ക്കുന്നവനുടെചിത്തം വിഷയങ്ങളിൽരഞ്ജിച്ചീടുന്നതുപൊലെ എന്നെചിന്തി
പ്പൊനുടെചിത്തവുമെങ്കിൽതന്നെ നന്നായിലയിച്ചീടുമെന്നുധരിച്ചാലും അതിനാലന്യങ്ങളാംശ്രെ
യസ്സാധനങ്ങളും അതുകൊണ്ടുണ്ടാകുന്നഫലസംഘാതങ്ങളും സ്വപ്നവുംമനൊരഥവുംപൊലെയാക
യാല തെപ്പെരുമുപെക്ഷിച്ചുമൽഭജനത്തെക്കൊണ്ടു ശൊധിതമായമനസ്സെങ്കൽനിയൊഗിയ്ക്കു നാരി
മാരുടെയുംതത്സംഗികൾതമ്മുടെയും ദൂരത്തസ്സംഗന്ത്യജിച്ചതിധീരനായുടൻ നിൎഭയമായവിജനപ്രദെശ
ത്തിങ്കൽ നിൎബ്ബന്ധംമടികൂടാതെന്നെച്ചിന്തനംചെയ്ക നാരീസംഗത്തിനാലുംതത്സംഗിസംഗത്താലും
പുരുഷനുണ്ടാകുന്നബന്ധക്ലെശങ്ങൾപൊലെ അന്യസംഗത്താലുണ്ടാകയുമില്ലറിഞ്ഞാലും നന്ദനന്ദ
നനിത്ഥമരുളിച്ചെയ്യുന്നെരം ഉദ്ധവരെട്ടാമതുമിത്ഥംചൊദിയ്ക്കുന്നു മുകുന്ദലൊചനനാഥനിന്തിരുവ
ടിതന്നെ എങ്ങിനെഎപ്രകാരംഎന്തൊരുരൂപമായി മംഗലപ്പൊൾധ്യാനംചെയ്യുന്നുമുമുക്ഷുക്കൾ തദ്ധ്യാ
നപ്രകാരത്തെയരുളിച്ചെയ്യീടെണം ഉദ്ധവർചൊന്നതുകെട്ടരുളിനാൻ സമമാമാസനത്തിലുത്ത
ന്നയഥാസുഖം സമകായനായ്സ്വസ്ഥമായ്കരസംഗൈചെയ്തു നാസാഗ്രത്തിങ്കലവലൊകനംചെയ്തുകൊ
ണ്ടു ശ്വാസരൊധാൎത്ഥംപൂരകകുംഭകരെചകത്താൽ പ്രാണനുടെമാൎഗ്ഗംശൊധനചെയ്യീടെണം പ്രാ
ണനെഇഡാമാൎഗ്ഗത്തൂടെപൂരണംചെയ്യുകിൽപിംഗലാമാൎഗ്ഗത്തൂടെരെചകംചെയ്യീടെണം പിംഗലാമാ
ൎഗ്ഗത്തൂടെപൂരണംചെയ്യുകൊണ്ടാൽ ചൊല്ലിയൊരിഡാമാൎഗ്ഗത്തൂടെരെചിച്ചീടെണം ജിതെന്ദ്രി
യനായ്വ്യത്യാസമായെവം അഭ്യസിയ്ക്കണംമൂലാധാരത്തിൽനിന്നാരഭ്യ നിൎഗ്ഗമവൎജ്ജിതംനൂലുണ്ടൊ
ന്നതിനുള്ളം പ്രണവംഎതിൎഗതംപ്രാണനാലൂൎദ്ധ്വഭാഗെ ക്ഷീണതൊഴിസതന്തുപൊലവെദ്വാദ
ശാന്തപൎയ്യന്തംനയിച്ചിട്ടുതന്മാത്രാതീതന്തിൽപഞ്ചസംയുക്തമാശബിന്ദുസംവെശിപ്പിച്ചതഥതബി
ന്ദുംശിരസ്സുകെയ്യാമെന്നൊരതൂമതിനിന്നിയുമൎത്ഥരൊന്നുവെറിട്ടുചൊല്ലാം മൂലാധാരത്തിൽനിന്നുദ്വാദ
ശാന്തത്തോളവും ചാലവെവെിസതന്തുപൊലവെസൂക്ഷ്മമായി അവച്ഛിന്നമായുള്ളൊരൊംകാരത്തിനെ
തന്നസ്വവശ്യംപ്രാണനുവെവ്യാപിപ്പിച്ചനന്തരം ഘണ്ടാനാദതുല്യമായുള്ളൊരു നാദ
ത്തൊടുകൂടത്തനാഭസ്ഥിരമായ്ചെയ്കെന്നൎത്ഥം ഇങ്ങിനെപ്രണവസംയുക്തമാംപ്രാണായാമം മംഗലംപത്തു
പ്പത്തുമാത്രയായഭ്യസിച്ചാൽ ഒരുമാസത്തിന്നകമനിലജയമുണ്ടാം പറയാംഎപ്രകാരമെന്നതിന്നത്ര
വുംകായാന്തഃസ്ഥിതവുമായുദ്ധ്വനാളവുമായി നിയറികധൊമുഖമായഷ്ടപത്രമായികൎണ്ണികയൊടുംകൂ
ടിയുള്ളൊരുവാറൽപത്മത്തെ നിൎണ്ണയിച്ചൂൎദ്ധ്വമുഖമായികസിതവുമാ ധ്യാനിച്ചതൽകൎണ്ണികയിങ്കൽമെ
ൽക്കുമെലായിഭാനുചന്ദ്രാഗ്നികളെ ചിന്തനംചെയ്യീടെണംതദനന്തരംകെട്ടുകൊള്ളുകമഹാമതെസഖെ
ജ്വലമായവഹ്നിമണ്ഡലമദ്ധ്യെ ധ്യാനമംഗളമായമാമകമെതുരൂപം മെന്നിയാസ്ഥിരികെണെന്തൽ
പ്രകാരങ്ങൾകെൾക്ക അനുരൂപാവയവനായതിശാന്തനായി സുനിശംസുമുഖനായ് ശ്ലഥചാരുകളായ
നാലുതൃക്കൈകളൊടുംസമാനന്ദമായി ചാലെയങ്ങതിരമ്യസുന്ദരഗ്രീവനായി സുകപൊലനായ്സു
ചിസ്മിതനായ്സുമാനനാ കിയകൎണ്ണങ്ങൾരണ്ടിൽവിന്യസ്തങ്ങളായെറം ശൊഭിയ്ക്കുംമകരകുണ്ഡലസം
യുക്തനായി ട്ടാരമുള്ളൊരുകനകാംബരംപൂണ്ടഘന ശ്യാമനാസ്സ്ത്രീവത്സവുംലക്ഷ്മിയുംവസിയ്ക്കുന്നശ്രീ
മയമായവക്ഷൊഭാഗശൊഭിതനുമാ ശംഖചക്രാബ്ജഗദാവനമാലികയെക്കൊ ണ്ടഞ്ചിതനായിച്ചാരു
നൂപുരങ്ങളാലെറം ശൊഭിതപാദനുമായ്കൗസ്തുഭപ്രഭയൊടും ശൊഭിച്ചുകിരീടസൽകടകകടിസൂത്ര
വലയാംഗദാംഗുലീയാദി ഭൂഷിതനായിവിലസത്സൎവ്വാംഗസുന്ദരനാ യ്ഹൃദ്യനായിസുപ്രസാദൊല്ലസ
ൽവീക്ഷണനാ യത്രയുമപ്പെപ്പൊഴുമതിസുകൊമളനായുള്ളൊരെന്നെ സൎവ്വാംഗങ്ങളിൽചിത്തംചെൎത്തു
ടൻധ്യാനിയ്ക്കണം സൎവ്വദൊഷത്തിൽനിന്നുനിവൃത്തിവരുവാനായി ബുദ്ധിയാംസാരഥിയാൽവിഷ
യങ്ങളിൽനിന്നു ബദ്ധെന്ദ്രിയങ്ങളെയുംമനസ്സിനെയുംബുദ്ധ മനസ്സാലാകൎഷിച്ചുസൎവ്വാംഗയുക്തമായി
അനങ്കമെത്തുമെന്നെചെൎത്തുകൊള്ളണംധീരൻ യാതൊരുപ്രകാരത്തിലെന്നുള്ളചൊദ്യത്തിന്നു സാമ
ഗ്ര്യധ്യാനയൊഗ്യപീഠത്തെമുന്നിൽചൊല്ലിസവിശെഷധ്യാനരീതിയൊടുവുംചൊല്ലിയിവിടെഇനി

മെലിലെതൊരുരൂപമായി ട്ടെന്നുള്ളചൊദ്യത്തിന്നു സവിശെഷത്തെനീക്കി നന്നായിട്ടുള്ളധ്യാനം
ക്രമത്തിൽചൊല്ലീടുന്നു മുമ്പെഒന്നാമതസൎവ്വാംഗവ്യാപിതചിത്തത്തിനെ ചെഞ്ഞൊമ്മെസൎവ്വാംഗത്തിൽ
നിന്നുവെർപെടുത്തീട്ടുടൻ സുസ്മിതമായമമമുഖത്തിൽതന്നെചെൎക്ക വിസ്മയംതത്രലബ്ധപദമാംചിത്ത
ത്തിനെ ക്രമത്തിൽമുഖത്തിൽനിന്നെടുത്തിട്ടനന്തരം സമസ്തകാരണമായുള്ളൊരുചിദ്വ്യൊമത്തിൽ ധാ
രണചെയ്തിട്ടതൽകാരണത്വവുംനീക്കിനൊരൊടെശുദ്ധബ്രഹ്മമാമെങ്കലാരൂഢനായി ത്രിപുടിഭാവം
വിട്ടുകൊള്ളുകരഹാമതെ സപദിസമാഹിതചിത്തനായിപ്രകാരം എന്നെയാത്മാവിങ്കലുമാത്മാവെ
ല്ലുവ്വാത്മാവാ മെന്നിലുംസംയുതമെന്നറികജ്യൊതിസ്സുകൾ ജ്യൊതിസ്സിങ്കലുംയുതമായിരിപ്പതുപൊ
ലെ സാദരമിത്ഥംതീവ്രമായിട്ടുധ്യാനത്തിനാൽ യൊജിപ്പിച്ചീടുന്നൊരുയൊഗിവൎയ്യന്റെചിത്തം
വ്യാജമാംദ്രവ്യജ്ഞാനക്രിയാഭ്രമംവിട്ടുപരമശാന്തിയെയുംപ്രാപിക്കുംവഴിപൊലെവരമാംപതിനാലാമ
ദ്ധ്യായംകഴിഞ്ഞിതു—൧൫—വിജിതെന്ദ്രിയനുമായ്സ്ഥിരചിത്തനുമായിവിജിതശ്വാസനായിചിത്തമെങ്കലെ
ചെൎത്ത യൊഗിയ്ക്കുസകലസിദ്ധികളുംസാധിക്കുന്നു യൊഗനായകനെവരതുചെയ്ത്തനെരം ഉദ്ധ
വരൊമ്പതാമത്തരംചൊദിക്കുന്നു ഉത്തമപൂരുഷനാംനാഥനൊടതിഭക്ത്യാ എതൊരുധാരണയാലെ
തൊന്നൊതൊരുവിധംമാധവസിദ്ധിഭവിച്ചീടുന്നിതെന്നുംപിന്നെസിദ്ധികളെത്രയെന്നുമരുളിച്ചെയ്ക
തിടെണം ഉത്തമയൊഗികൾക്കുസിദ്ധിദനായഭവാൻ ഇത്തരമുദ്ധവർചൊദിച്ചതിനുത്തരമായുത്ത
മപുരുഷനരുളിച്ചെയ്തരുളുന്നു ധാരണായൊഗങ്ങളെപാരായമഹാത്മാക്കൾ ചൊന്നസിദ്ധികൾപതിനെ
ട്ടെന്നുചൊല്ലീടുന്നു അതിൽവെച്ചെട്ടുമല്ലൊപ്രധാനങ്ങൾമറ്റുപത്തു മല്ലസതൊല്ലക്ഷിചൊല്ലുകഉറി
ഞ്ഞാലും അണിമാമഹിമയുംലഘിമ എന്നിവമൂന്നുംശരീരത്തിനുടെസിദ്ധികളാം സ
ൎവ്വപ്രാണികളുടെസകലെന്ദ്രിയെയ്ഹ സൎവ്വാധിഷ്ഠാനതയെപ്രാപിക്കതന്നെപ്രാപ്തിയാകുന്ന
സിദ്ധിഎന്നുധരിച്ചാലും ആലുമാംഭവാനന്യസിദ്ധികളെയുംകെൾക്ക ശ്രുതങ്ങളായപാരലൌകി
കാൎത്ഥങ്ങളിലുമതുപൊലെദൃഷ്ടങ്ങളാംഭൊഗ്യനയൊഗ്യത്തിലും ശ്രദ്ധയിങ്കലാഭൊഗത്തിലുമെല്ലാവറ്റിലും
ഭൊഗദൎശനസാമൎത്ഥ്യത്തെനൽകുന്നസിദ്ധി പ്രാകാമ്യമായുംശക്തിസംസൃതശക്തികളുടെ പ്രെരണമീശി
തയാംസിദ്ധിഎന്നറിഞ്ഞാലും വിഷയഭൊഗങ്ങളിലസംഗംവശിതയാം വിഷയങ്ങളായുള്ളൊരുതെ
ളുകാമങ്ങളെ കാമിച്ചീടുന്നതെന്നാലതിന്റെസീമാന്തത്തെ സാമൊദംപ്രാപിപ്പതുസിദ്ധിഎന്നറി
ഞ്ഞാലും എന്നിടെസിദ്ധികളെട്ടുംസ്വാഭാവികങ്ങളെന്നപ്പുനരതിശയങ്ങളാമറിഞ്ഞാലും പത്തു
സിദ്ധികൾഗുണഹെതുകങ്ങളെന്നു മുദ്ധവകെൾക്കക്ഷുൽപിപാസാദിരാഹിത്യവും ദൂരത്തുള്ളതുകെ
ട്ടീടുകയുംകാണുകയും മനൊവെഗമായുള്ളൊരുവെഗവുംകാമരൂപവുംതഥാ പരകായപ്രവെശംസ്വച്ഛന്ദമൃത്യുത
വും സുരസ്ത്രീസഹിതമാംദെവക്രീഡാദൎശനം സങ്കല്പാനുരൂപപ്രാപ്തിയുമാജ്ഞയുമെന്നും ശങ്കകൂടാതെ
തടവില്ലാതഗമനവും പത്തുസിദ്ധികളെവംക്ഷുദ്രസിദ്ധികളഞ്ചു മിത്രതൊന്നറുന്നുവചൊല്ലുന്നതെല്ലാംകെൾ
ക്ക ത്രികാലജ്ഞത്വവുംശീതൊഷ്ണസഹനവും മാന്യകെൾപരന്മാരുടെചിത്തത്തെയറികയും അഗ്ന്യൎക്കജ
ലവിഷാദികളുടെസ്തംഭനവും അന്യരാൽചൊല്ലാതപരാജയത്വവും യൊഗധാരണസിദ്ധിവിധങ്ങളു
ദ്ദെശത്താ ലകവെപ്രൊക്തങ്ങളായ്യാതൊരുധാരണയാൽ യാതൊന്നെങ്ങിനെഭവിച്ചീടുമെന്നതു
ഇംനീ വെവ്വെവ്വെകൊള്ളുകെങ്കൽനിന്നെടൊമഹാമതെ ഭൂതസൂക്ഷ്മൊപാധിയാമെങ്കലങ്ങനാത്മം
ഭൂതസൂക്ഷ്മാകാരമാംമനസ്സിൻധാരണയാ തന്മാത്രൊപാസകനാമവനപ്രയാസെന ചെമ്മെയണി
മെയാംമഹസിദ്ധിലഭിക്കുന്നു മഹത്തത്വൊപാധിയാമെങ്കലങ്ങിനെതന്നെ മഹത്തത്വാകാരമാംമന
സ്സിൻധാരണയാൽമഹിമാസിദ്ധലഭിച്ചീടുന്നിതത്രയല്ല മഹത്താമാകാശാദിഭൂതൊപാധിയാമെങ്ക
ൽ തത്തൽഭൂതാകാരമാംമനസ്സിൻധാരണയാൽ തത്തൽഭൂതത്തിന്മഹത്വമായിന്നെസിദ്ധിച്ചീടും ഭൂത
ങ്ങളുടെപരമാണുപാധിയാമെങ്കൽ സാദരംമനസ്സിനെധാരണചെയ്യുന്നവൻ പരമാണുപാധിരൂപ
ത്വമാംലഘിമാവെ പതിചിൽപ്രാപിക്കുന്നിതറികമമസാത്വികാഹങ്കാരൊപാധിയാമെങ്ക
ൽചിത്തമെകാഗ്രമായ്ധാരണചെയ്യുമമനസ്സായ യൊഗിന്ദ്രൻസൎവ്വെന്ദ്രിയാധിഷ്ഠാതൃത്വമായുള്ള യൊ
ഗമാംപ്രാപ്തിയെയുംപ്രാപിച്ചീടുന്നതൂനം അവ്യക്തജന്മാവായസൂത്രൊപാധിയാമെങ്കൽ സ്വവ്യ
ക്തംമനസ്സിനെധാരണചെയ്യുകൊണ്ടാൽ ശ്രെഷ്ഠമാംപ്രാകാമ്യത്തെപ്രാപിച്ചീടുന്നിതവൻ പ്രെ
ഷ്ഠനായ്ത്രിഗുണമായാനിയന്താവുമായി കാലവിഗ്രഹനായുള്ളൊരീശ്വരിയാംവിഷ്ണുവാമെങ്കലെചിത്ത

ത്തിനെ ധാരണചെയ്യുമ്പോൾ ജീവനാന്തൎഭാവാധിദേഹാനാം പ്രേരണയെ കേവലം നൽകീട്ടുന്നോരീശിത്വം ലഭിയ്ക്കുന്നു ഭഗവാനെന്നശബ്ദംകൊണ്ടു ശബ്ദിതനായി സകലാതീതനായിരിക്കുന്നവനായിട്ടുള്ള നാരായണനാകുന്നായുള്ള എങ്കൽ ചിത്തത്തെ ചേൎത്തു ധീരനായ മദ്ധൎമ്മവാനുമായി വശിത്വവും നിൎഗ്ഗുണബ്രഹ്മമാകുമെങ്കൽ നിൎമ്മലചിത്തം യുക്തമാക്കീട്ടുന്നോരു യോഗീന്ദ്രനനാരതം പരമാനന്ദം പ്രാപിയ്ക്കുന്നു കാമങ്ങൾതന്നുടെ വിരമിയ്ക്കുന്നു പിന്നെയൊന്നുമില്ലെന്നറിക ശുദ്ധനായുള്ള ധൎമ്മപതിയായത്രയുമല്ലത്രയും ധൎമ്മമയനായുള്ളോരെങ്കൽ ചിത്തം ചെയ്തീട്ടുന്നവനാഗ്ഗമികളിൽനിന്നവെൎപെട്ടാത്തിപ്പൊരുത്ത ധൎമ്മസ്വരൂപതയെ പ്രാപിയ്ക്കുന്നു സമഷ്ടിപ്രാണരൂപനാമെന്നെ ധ്യാനിച്ചുടൻ സൂക്ഷ്മമനസ്സിനാൽ നാദത്തെ ചിന്തചെയ്യും നാനാകാശത്തിങ്കൽ ചരിയ്ക്കുന്നവരുടെ സരസംവിചിത്രവാക്കുകളെ ശ്രവിച്ചീടാം നേത്രത്തെ സൂൎയ്യങ്കലും സൂൎയ്യനെ നേത്രത്തിലും ചേൎത്തുടൻ രണ്ടിന്റെയും സംയോഗത്തിങ്കലെന്നെ ധ്യാനം ചെയ്തീട്ടുന്നോരു സൂക്ഷ്മദൃക്കായിട്ടുള്ളോൻ നാനാവിശ്വത്തെ ദൎശനം ചെയ്തീടുന്നു കായത്തെ മനസ്സും തദനുവൎത്തിയായ വായുവിനോടുംകൂടീട്ടെങ്കൽ സംയോജിപ്പിച്ചു ധാരണാപ്രഭാവത്താലവിടെ മനോയാതി പാരാതങ്ങവിടത്തിൽ ദേഹവും പ്രാപിച്ചീടും മറ്റൊ ദേഹമാശ്രയനായുള്ള യോഗിവൎയ്യൻ ചിത്തമങ്ങുപാദാനകാരണമാകിച്ചെയ്തു യാതൊരു ദൈവാദിരൂപത്തെ പ്രാപിച്ചീടുവാൻ സാദരമിച്ഛിയ്ക്കുന്നു തത്തൽചിത്താഭീഷ്ടമാം രൂപമായുവിച്ചീടുമെന്നുള്ളതറികെടൊ യാതൊരു ദേഹം പ്രവേശിപ്പാനിച്ഛിച്ചീടുന്നു സാദരം താനതുതാനാവെച്ചിന്തനം ചെയ്യുകൊണ്ടാൽ കായത്തെയുപേക്ഷിച്ചു ലിംഗത്തോടൊത്തുവായുവിശ്വായുവായിട്ടുള്ളേൻ പ്രാണനന്യദേഹത്തിൽ പുക്കും പുഷ്പത്തിൽനിന്നു പുഷ്പാന്തരത്തിലപ്രയാസം ഷട്പദം പ്രാപിച്ചീടുന്നതുപോലെന്നറിക ഗുദത്തെ പാൎഷ്ണികൊണ്ടു രോധിച്ചു തൻപ്രാണനെ ഹൃദയോരഃകണ്ഠമൂൎദ്ധാവികളിലാരോപിച്ചുടൻ ബ്രഹ്മത്തിൽ താനാവട്ടെ മന്ത്രസ്ഥാനെ നിൎമ്മലമനസ്സിനാൽ പ്രാപിപ്പിച്ചനന്തരം ബ്രഹ്മരന്ധ്രത്തൂടെ വെളിയിട്ടു പ്രാണനെയും നിൎമ്മലനായ യോഗീ സ്വച്ഛന്ദമൃത്യുമെതി സഞ്ചരംദേവലോകക്രീഡയിലിച്ഛയുള്ളോർ സത്വത്തിരൂപമായ ശുദ്ധമാംസത്വത്തിനെ ചിന്തനം ചെയ്യാൽ സത്വാംശകളാം സുരസ്ത്രീകൾ താന്തികെ വിമാനങ്ങളോടൊത്തുവരുന്നതിട്ടമെ സത്യനായുള്ളോരെങ്കൽ മനസ്സുംയോജിപ്പിച്ചു ചിത്രയും മല്പരനായുള്ളോരു പുമാൻ ബുദ്ധ്യാ എപ്പോഴെങ്കിലും യെന്നകൈനാപി പ്രകാരത്തെ ശില്പമായ് സങ്കല്പിച്ചുകൊള്ളുന്നു മനസാ പെ അപ്പൊഴുതങ്ങിനെ തന്നെ പ്രാപിച്ചീടുന്നവല്ലൊ എപ്പൊഴും നിയന്താവായുള്ളൊരു ഈശ്വരനായൊരെന്റെ നല്ലൊരു സ്വഭാവത്തെ പ്രാപ്പനായുള്ളൊരു പുമാൻ ഒട്ടുമവിപത്തിനെ പ്രാപിപ്പീലൊരിയ്ക്കലും എന്നുടെയാജ്ഞപോലെയാജ്ഞനീ വൈനാങ്കൊ നിൎഗ്ഗുണംമത്ഭക്തിയാൽ വിശുദ്ധചിത്തനായി ധാരണാവിത്തായുള്ള യോഗിയ്ക്കു ത്രൈകാലിക സാരജ്ഞാനവും പരചിത്തജ്ഞതാവുമുണ്ടാം അനലാദികളിനാൽ ഹനിയ്ക്കപ്പെട്ടുവീല മുനിവൎയ്യന്റെ യോഗമയമാകിയ ദേഹം മറ്റൊ ഗശ്രാന്തചിത്തനായുള്ള യോഗിയ്ക്കുണ്ടോ ഏതൊരു ലാഭമിയ്യുണ്ടായിരുന്നു ജലത്താൽ ജലജന്തുക്കൾക്കുണ്ടാകയൊ പീഡാ ബലത്താം ശ്രീവത്സാദിഭൂഷിതങ്ങളായുള്ള മാമകവിഭൂതികളായവതാരങ്ങളെ മാമകധ്വജാതപത്രവ്യജനാദിസഹ ധ്യാനിയ്ക്കുന്നവനപരാജിതനായ് വിളങ്ങും നനമതങ്ങിനെ യോഗധാരണകൊണ്ടുതന്നെ സമ്യക്കായുപാസിക്കും മുനിയ്ക്കു മുന്നിൽ ചൊന്ന സൎവ്വസിദ്ധിയും പ്രാപിച്ചീടുന്നു മഹാമതെ ശാന്തനായ്ജിതേന്ദ്രിയനായ് ജിതശ്വാസനായി ശാന്തനായ്മദ്ധാരണാംധാരയനായിട്ടുള്ള മുനിയ്ക്കു യാതൊരു സിദ്ധിയില്ലയായിട്ടു നിനച്ചീടുന്നതെല്ലാം ലഭിയ്ക്കുമെന്നറിഞ്ഞു എന്നൊടെകീകരിയ്ക്കുമുത്തമയോഗത്തിനെ നന്നായി ശീലിക്കുന്നമുനിക്കിവ കസിദ്ധി വിഘ്നങ്ങൾ നൽകുംകാലക്ഷേപമെന്നെ ഹേതുക്കളാം മുനീക്കനുപ്പുൽ നാരായണനെയ്ക്കൽ ധാരണ ചെയ്യുമെന്നതൊന്നയോഗം തന്നെ സാരമായതുകാൎയ്യമന്യം തള്ളിക്കെണം സകലസിദ്ധികൾക്കും ഹേതുവും പതിയും ഞാൻ പ്രഭു ഞാൻ മോക്ഷത്തിന്നും സാംഖ്യമാംജ്ഞാനത്തിന്നും ധൎമ്മസംഘാതത്തിന്നും തുടെപദേഷ്ടാക്കളാം ബ്രഹ്മവാദികൾക്കുമെന്നറികമനസാ സൎവ്വദേഹികളുടെ ഉള്ളിലും പുറമ്പിലും സൎവ്വദാ മറയാതെ വസിക്കുമാത്മാവു ഞാൻ എങ്ങിനെ ഭൂതങ്ങളിലുള്ളിലും പുറമ്പിലും തിങ്ങിയമഹാഭൂതം വാണീടുന്നതുപോലെ അദ്ധ്യായം പതിനഞ്ചുകഴിഞ്ഞിതിവിടത്തിൽ ഉത്തമം ഭക്തിലേശവും പറയാം കേട്ടുകൊൾക —൧൫— ഉത്തമപൂരുഷന്റെ വാക്കുകൾ കേട്ടനേരം ശുദ്ധമാൎഗ്ഗ

താനുമുമിന്തരഞ്ഞൊരിക്കുന്നു നിന്തിരുവടി സാക്ഷാൽ പരമമായ ബ്രഹ്മം സന്തതമനാവൃതനാദ്യ
ന്തവിരഹിതൻ സർവ്വജന്തുക്കളുടെയും സൃഷ്ടിസ്ഥിത്യന്തകർത്താ ന. വൃദ്ധിഭവാന്തന്നെ അഖിലാധാരപ്രഭോ
അവശീകൃതചിത്തന്മാരാതൊരുകയനായ് ഭൂവിലേശ്വരനായ നിന്തിരുവടിതന്നെ അറിവുപെരുത്തു
ള്ളൊരുവനീസ്വരൂപേന്ദ്രന്മാർ ഋഷിപുത്രക്കളിങ്കൽ കാരണനെന്നുനാഥ സതതമുപാസിച്ചീട്ടനിത്യയഥാർത്ഥ
മാ യതിനാലതേതുഭാവങ്ങളിലെതൊന്നിനാൽ പരമരഹർഷികൾ സേവിച്ചുസിദ്ധികളെ പരി
ചിതപ്രാപിക്കുന്നിതെന്നുചൊല്ലീടേണമെ ഭൂതാനാമഭവ്യഭവാനന്തര്യാമിയായിട്ടു ഭൂതഭാവനഗ്രഹ
നായിട്ടു ചരിക്കുന്നു നിന്തിരുവടിയാലെമോഹിതരാം ഭൂതങ്ങൾ സന്തതം ദൃഷ്ടാവാകുന്നിന്നെകാണുന്ന
തില്ല ഘോരമഹാവിഭൂതിയായുള്ളലോകസ്വരൂപ ഭൂമിയിങ്കലും സ്വർഗ്ഗത്തിൽദിക്കിങ്കലും യാതൊ
രു വിഭൂതികളതാവകിനാകന്തയാ നാഥ! ഏതൊരുശക്തിവൈശിഷ്ട്യയോജിതകൾ അതുകളതും
ചെയ്യുമെന്തിർത്ഥപാദപ്രഭോ സന്തതന്തവപദപങ്കജന്നമിക്കുന്നേൻ ഭക്തനാമുദ്ധവൻ ചൊ
ല്ലുമാറിന്നകേട്ടു ഭക്തരക്ഷകനതുകൊണ്ടുചെയ്യിതുമധുരമായി ഇപ്രശ്നംതന്നെ ചോദിച്ചിതെന്നോടു
മുമ്പ അർജ്ജുനൻ കുരുക്ഷേത്രത്തിങ്കൽ യുദ്ധാരംഭേ രാജ്യഹേതുകമായയുദ്ധമധർമ്മമായും പിന്നെ പുത്രരാൽ
നിന്ദ്യമായുമെങ്ങളാണതിവധം ചിന്തിച്ചുയുദ്ധാതിങ്കൽനിന്നുപിന്തിരിഞ്ഞിട്ടു ഹന്താഹം ഹതോ
ഹമെന്നിങ്ങനെതുച്ഛബുദ്ധ്യാ അപ്പോൾ ഞാൻ യുക്തികൾകൊണ്ടുഭക്തനർജ്ജുനനെ ബോധിപ്പിച്ചു നിഷ്പ്രത
കൃത്യാ ഇന്നെയെന്നോടുവൈവ ചോദിച്ചുനീയ ചോദ്യത്തിനുത്തരം കേൾ മേരുശൃംഗങ്ങളെ
ത്തിങ്കൽനിന്നറിഞ്ഞാലും ഉദ്ധവകേട്ടാലുമദ്ഭുതങ്ങൾക്കാത്മാവു ഞാൻ ഉത്തമസുഹൃത്തും ഞാനീശ്വ
രനായതും ഞാൻ സർവ്വഭൂതങ്ങൾക്കും ഞാൻ സർവ്വജന്തുക്കളുടെ സർവ്വദാസൃഷ്ടിസ്ഥിതിപ്രളയനായതും ഞാ
ൻ ഗതിമത്തുകൾക്കെല്ലാം ഗതിയായതുമഹം നിതരാം വശീകരിക്കുന്നോരിൽ കാലനഹം ഗുണങ്ങളി
ങ്കൽവെച്ചു സർവ്വത്രസമത്വം ഞാൻ ഗുണികളായധർമ്മിക്കുന്നോരായുള്ളോർക്ക് ഏതൊന്നു സ്വാഭാവി
കമായുള്ള ഗുണമെന്നാൽ വിത്സന്ദേഹമതു ഞാനെന്നു ധരിച്ചാലും ത്രിഗുണങ്ങളിൽ വെച്ചു സൂത്ര
മായതുമഹം സകലമഹത്തിൽ വെച്ചറിഞ്ഞാൻ മഹത്തത്വം സൂക്ഷ്മങ്ങളെല്ലാറ്റിലും വെച്ചു ഞാൻ ജീവ
നെല്ലോ വിക്ഷിപ്തിൽ ദുർജ്ജയത്തിൽ വെച്ചു ഞാൻ മനസ്സല്ലോ വേദാദ്ധ്യാപകന്മാരിൽ ഹിരണ്യഗർഭ
നഹം വേദാദിമന്ത്രങ്ങളിൽ ത്രിവൃത്താം പ്രണവം ഞാൻ അക്ഷരങ്ങളിലകാരം പലഛന്ദസ്സിങ്കൽ ത്ര
ക്ഷിണപുണ്യപ്രദയായ ഗായത്രിയും ഞാൻ സർവ്വദേവന്മാരിൽ വെച്ചിന്ദ്രൻ ഞാൻ വസുക്കളിൽ ഹവ്യ
വാഹനനാമാദിത്യന്മാരിൽ വിഷ്ണു ഞാനോ രുദ്രരിൽ വെച്ചു നീലലോഹിതൻ ബ്രഹ്മർഷിമാരിൽ ഉത്തമൻ
ഭൃഗുവാം ഋഷികളിൽ മനുവും ഞാൻ ദേവർഷിപ്രവരരിൽ നാരദനഹം സകല ധേനുക്കളിൽ വെച്ചു
ഹം കാമധേനു സിദ്ധേശ്വരന്മാരിൽ വെച്ചാകെക്കേട്ടോ കപിലൻ ഞാൻ ഉദ്ധവ പക്ഷികളിൽ വെ
ച്ചു ഗരുഡൻ ഞാൻ ദക്ഷൻ ഞാൻ പ്രജാപതിമാരിലെന്നറിഞ്ഞാലും ശാസ്ത്രയിൽ കെൾക്കപി
തൃക്കളിൽ വെച്ചര്യമാ ഞാൻ അസുരേശ്വരനായ പ്രഹ്ലാദൻ ദൈത്യരിൽ ഞാൻ അഖിലനക്ഷത്രാനൗ
ഷധിനായകചന്ദ്രൻ യക്ഷരക്ഷസ്സാം ധനേശൻ ഗജേന്ദ്രന്മാരിൽ മഹത്താകുമൈരാവതമാം യാദസാം
പതിയെൻ ഞാൻ ദീപ്തിയും പ്രതാപവുമുള്ളോരിൽ സൂര്യനഹം മാനുഷരുടെ മദ്ധ്യത്തിൽ ഭൂപതിയായതും
ഞാൻ തുരഗങ്ങളിലുച്ചൈഃശ്രവസ്സായതുമഹം പരിചിൽ ധാതുക്കളിൽ സ്വർണ്ണമായതുമഹം ദണ്ഡിപ്പി
ച്ചീടുന്നോരിൽ യമനായതുമഹം നിർണ്ണയം സർപ്പങ്ങളിൽ വെച്ചു വാസുകിയും ഞാൻ നാഗേന്ദ്രന്മാരിൽ
വെച്ചിട്ടനന്തനാകുന്നു ഞാൻ ഭാഗധേയമേറ്റകൊമ്പുള്ളവയായുള്ളവററിൽ വെച്ചു ഞാൻ ഋഷഭേന്ദ്ര
നാമെന്നു ധരിച്ചാലും നിശ്ചയമാശ്രമാണാം സന്ന്യാസമഹമെടോ വർണ്ണത്തിൽ ബ്രാഹ്മണൻ
ഞാൻ തീർത്ഥസ്രോതസ്സുകളിൽ നിർണ്ണയം ഗംഗയാകുന്നതു ഞാൻ മഹാമതേ സരസ്സിൽ സമുദ്രം ഞാനാ
യുധത്തിൽ ധനുസ്സാം ധരിക്കത്രിപുരഘ്നനാവു ഞാൻ വില്ലാളിയിൽ വാസസ്ഥാനത്തിൽ വെച്ചു മേരു
മാമലയും ഞാൻ ദുസ്സരാകൃതദുർഗ്ഗമങ്ങളിൽ ഹിമവാൻ ഞാൻ വൃക്ഷത്തിലശ്വത്ഥം ഞാനൗഷധി
കളിൽ യവം അക്ഷോഭ്യപുരോഹിതരിൽ വസിഷ്ഠൻ ഞാൻ ബ്രഹ്മിഷ്ഠന്മാരിൽ ബൃഹസ്പതി
യാകുന്നതും ഞാൻ ചമൂസേനാനികളിൽ സ്കന്ദനായതുമഹം സന്മാർഗ്ഗപ്രവർത്തകന്മാരിൽ ഞാൻ ബ്ര
ഹ്മാവല്ലോ സർവ്വയജ്ഞത്തിൽ വെച്ചു ബ്രഹ്മയജ്ഞവുമഹം വ്രതങ്ങളെല്ലാറ്റിലും വെച്ചഹിംസാവ്ര
തം ഞാൻ നിതരാം ശോധനങ്ങളായവററിങ്കൽ വെച്ചു വായ്വഗ്നിസൂര്യജലവാഗാത്മാശോധകൻ

ഞാൻ ധാൎമ്മാംയോഗങ്ങളിലാത്മസംരോധനംഞാൻ ജയിച്ചീടുന്നവരിൽവെച്ചുഞാൻനീതിയെ
ല്ലൊ ജഗത്തിൽവിവേകാദിനൈപുണ്യങ്ങളിൽവെച്ചു ആത്മാനാത്മവിവേകവിദ്യഞാൻധരിച്ചാലു
മാഖ്യാത്യന്യഥാഖ്യാതിശ്ശൂന്യഖ്യാതിയുമസൽ ഖ്യാതിയുമനിൎവ്വചനീയഖ്യാതിയുമിതി വാദികളായുള്ളോ
രിലെതിതിലതൊ ഇതൊ എന്നുള്ളോരവസാനമില്ലാതവികല്പംഞാ നെന്നറികെടൊഖ്യാതിയെന്നു
ജ്ഞാനമെന്നത്രെ നാരിമാരകളിൽശതരൂപഞാൻപുമാന്മാരിൽ ധീരഞാൻസ്വായംഭുവമനുവെന്നറി
ഞ്ഞാലും മുനിമാരകളിൽനാരായണനാകുന്നതുഞാൻ അനഘൻസനൽകുമാരൻ ബ്രഹ്മചാരികളി
ൽ ധൎമ്മത്തിൽത്രതാഭയദാനംഞാൻക്ഷേമങ്ങളിൽ നിൎമ്മലാന്തൎമ്മുഖതാനിഷ്ഠഞാനറിഞ്ഞാലും ഗുഹ്യ
മായതിൽപ്രിയവചനംമൌനവുംഞാൻ വിഖ്യാതനാജനഹംമിഥുനങ്ങളിലെടൊ അപ്രമത്തരിൽ
സംവത്സരംഞാനൃതുക്കളിൽ സൽപുഷ്പധവസന്തമാംമാസത്തിൽമാൎഗ്ഗശീഷം നക്ഷത്രങ്ങളിലഭിജി
ത്തുഞാൻയുഗങ്ങളിലക്ഷീണകൃതയുഗംധീരരിൽദേവലനും അസിതനായതുംഞാൻവ്യാസരിൽദ്വൈ
പായനൻ അസ്മൽകവികളിലാത്മവാനായശുക്രൻ ഭഗവാന്മാരിൽവാസുദേവൻഞാൻവൈഷ്ണ
വരിൽ സുഗതദേവനഹംകിമ്പുരുഷന്മാരകളിൽ ഹനുമാനഹംവിദ്യാധരരിൽസുദൎശ്ശന നനഘര
ത്നങ്ങളിൽപത്മരാഗവുമഹം സുന്ദരങ്ങളിൽപത്മകോശവുംദൎഭാദിയിൽ ധന്യമാംകശവുംഞാൻഹ
വിസ്സിൽഗവ്യാജ്യംഞാൻ വ്യവസായികൾക്കൊസന്ധ്യാദിസമ്പൽ ഭവതിതിതക്ഷ്യനാംതിതി
ക്ഷയായതുംഞാൻ സത്വവാന്മാൎക്കസത്വംബലവാന്മാൎക്കോജസ്സും ഉത്തമഭാഗവതന്മാരുടെകൎമ്മവും
ഞാൻ സാത്വതന്മാരുടെനവവ്യൂഹാൎച്ചനത്തിൽ ഒന്നാമതായിരിക്കുന്നവാസുദേവൻഞാൻ ഗ
ന്ധൎവ്വന്മാരിൽവിശ്വാവസുഞാനപ്സരസ്സിൽ പൂൎവ്വചിത്തിയായതുമഹമെടൊ ഭൂധരങ്ങൾ
ക്കസ്ഥൈൎയ്യംഭൂവിക്കഗന്ധമഹം വെള്ളത്തിൽപാവനമഹംപരമരസം തേജോയുക്തരിൽവിഭാവ
സുഞാൻസൂൎയ്യചന്ദ്ര താരാനക്ഷത്രാദിനാംപ്രഭയാകുന്നതുംഞാൻ നഭസ്സിൽശബ്ദവും ബ്രഹ്മണ്യന്മാരി
ൽബലിയുംഞാൻ വീരഞാൻവീരന്മാരിലൎജ്ജുനനാകുന്നതും ഭൂതാനാംസൃഷ്ടിസ്ഥിതിപ്രളയമായത
ഹം സാരമാംശരീരേന്ദ്രിയവ്യാപാരവും സൂക്ഷ്മമായിരിക്കുംജ്ഞാനേന്ദ്രിയത്തിൻവ്യാപാരവും സ
ൎവ്വേന്ദ്രിയാനാന്തരഗ്രഹണശക്തിയുംഞാൻ തന്മാത്രയുമഹങ്കാരവുംമഹത്തത്വം തന്മാത്രാവി
കാരങ്ങളായഭൂതങ്ങളും ജ്ഞാനകൎമ്മേന്ദ്രിയങ്ങൾമനസ്സുംപുരുഷനും ഞാനമപ്രകൃതിയുംകൂടിപഞ്ച
വിംശതി തത്വവുംപ്രകൃതിഗുണമാംസത്വാദിയും നിത്യമാംപരബ്രഹ്മമെന്നതുസൎവ്വവുമഹം ഇതു
കളുടെപരിഗണനമതുംപിന്നെ ഇതുകളുടെലക്ഷണത്തെയറിവതും ഇതുകളുടെഫലത്തത്വത്തിൻ
നിശ്ചയവു മിതുസൎവ്വവുമഹമെന്നുനിധരിച്ചാലും ഈശ്വരനായ്ജീവനായ്ഗുണമായ്ഗുണിയായി ശാശ്വ
തനായിസൎവ്വാത്മാവായ്സൎവ്വനായിട്ടു ള്ളൊന്നെവിട്ടൊരുപദാൎത്ഥങ്ങളുമൊരേടത്തും നിൎണ്ണയമില്ലെന്നറി
ഞ്ഞീടുകമഹാമതെ പൃഥിവ്യാദികളായപരമാണുക്കളുടെ നിരന്തരംഗണനത്തെവെളുത്തകാലങ്ങൾകൊണ്ടു
എന്നാലെതിട്ടപ്പെടുകകൊണ്ടുചൊല്ലുവാൻശക്യം എന്നാലുമതുപോലെമദ്വിഭൂതികളുടെ സംഖ്യയെ
ഗണിച്ചുകൊണ്ടീടുവാൻശക്യമല്ല ശങ്കയുംവേണ്ടനമ്മാൽസൃഷ്ടങ്ങളായിട്ടുള്ള ബ്രഹ്മാണ്ഡങ്ങൾക്ക
ളിസംഖ്യയില്ലന്നതുപിന്നെ ബ്രഹ്മാണ്ഡാന്തസ്ഥവിഭൂതികൾക്കെന്തൊസംഖ്യാ തേജസ്സുംശ്രീ
കീൎത്തിയുംഐശ്വൎയ്യംലജ്ജാത്യാഗം സൌന്ദൎയ്യവുംഭാഗ്യവുംവൈഭവം തിതിക്ഷാവിജ്ഞാന
വുംയാതൊന്നിലതെല്ലാമെ അതക്യമമാംശങ്ങളെന്നുധരിച്ചാലും സൎവ്വകളായവിഭൂതികളുംസംക്ഷേ
പിച്ചു സൎവ്വജ്ഞനായനിന്നാൽകീൎത്തിതങ്ങളായ്സ്സവ മാനസവികാരങ്ങൾതന്നെ ഉച്ചൊന്നവകൾ ഞാനും
പുത്രവാക്കുകൾപോലവെചൊല്ലീടുന്നു വാങ്മനപ്രാണേന്ദ്രിയങ്ങളെയുമടക്കുക പാരങ്ങളൊടെബുദ്ധി
തന്നെസത്വസമ്പന്നയായ ബുദ്ധിയെക്കൊണ്ടുമടക്കീടുകിൽപിന്നെസംസാര മാൎഗ്ഗവിലുഴലുവാ
ൻസംഗതവരാനൃനം യാതൊരുത്തൻമനോവാക്കിനെയടക്കുന്നി ല്ലാതുള്ളോരവൻ്റെവ്രതവുന്ന
ൽതപസ്സും ജ്ഞാനവുംസ്രവിക്കുന്നിതാമകുംഭംപോലെ ഞാനെന്നുള്ളവാങ്മനഃപ്രാണ
ങ്ങളെ മത്ഭക്തിയുക്തബുദ്ധികൊണ്ടുമല്ലയന്നെൻ നിരോധിക്കിയാൽകൃതകൃത്യനായിടും പതി
നാറാമദ്ധ്യായംകഴിഞ്ഞിതിവിടത്തിൽ നതിയിൽതെളിവൊടുകേട്ടാലുംമെലെടവും ൧൭ ഉദ്ധവരുത
ദ്ധവൻ്റെയുത്തമമെവംകെട്ടിട്ടുധാർപതിനൊന്നാമതുചോദിച്ചീടുന്നു യാതൊരുതത്വകത്തിലക്ഷണ
മായുള്ളധൎമ്മം സാദരംവൎണ്ണാശ്രമാചാരവാന്മാരായൊൎക്കും എന്നല്ലസൎവ്വമനുജന്മാൎക്കുംചെയ്യുമാറായി

മുന്നംകല്പാദൌ ഭഗവാൻ ഹംസരൂപിയായല്ലൊ ചൊല്ലി എന്തിനെന്തനുഷ്ഠീയമാനമാം സ്വധർമ്മത്താൽ മംഗലയാന്തപദത്തിങ്കൽ കാംക്ഷ ഭവിച്ചൊരു നൃണാമതിന്നെയും ചൊല്ലീടേണം പങ്കജാക്ഷ ഇതു പണ്ടു ജനങ്ങൾക്കായ്ക്കൊണ്ടന്നമായുള്ളൊന്നതെല്ലാം പ്രായേണ നഷ്ടമായി ഭവിച്ചു മർത്ത്യലോകെ ദുർല്ലഭമാം കാലമതിക്രമിച്ചു പൊകയാലെ അച്യുത പിന്നെയും ധർമ്മങ്ങൾ തന്നെ ഉച്ചരിച്ചു പ്രസാദിച്ചരുളിച്ചെയ്തീടണം എന്നെല്ലാം വിരിഞ്ചസഭയിലുമില്ലല്ലൊ വേദാദിവിദ്യാ പരിചിതരാമൃഷികളിരിക്കുന്നൊരിടത്തിലും ധർമ്മവക്താക്കളായുള്ളവരായുള്ള ഭവാനൊഴികെ മറ്റാരുമില്ലഹിതമെന്നവന്നാൽ അതിനാൽ നഷ്ടമായൊരു ധർമ്മങ്ങളെന്നെയരുളുന്നു വിഷ്ണുപാദശരണകാംക്ഷിയായുള്ള ഭക്തനെന്നു സർവ്വധർമ്മജ്ഞനായുള്ള നിന്തിരുവടിയോടു സർവ്വധർമ്മങ്ങൾക്കും ലക്ഷണങ്ങളെ ചൊല്ലീടുക എന്നെന്നിങ്ങനെ ചോദിച്ചീടുന്നിതുമെന്നാൽ പരവശനായിച്ചൊൽക ശ്രീകൃഷ്ണഭഗവാനെ മുഖലോചനൻ കൃഷ്ണനന്തരമായിട്ടപ്പോ ഉദ്ധവനൊടു രാമ്മധരമതം ചെയ്തു വർണ്ണാശ്രമാചാരവാന്മാരായ മനുഷ്യരെ നിർണ്ണയം വരുത്തുന്നു മോക്ഷധർമ്മം സ്വൈതാൻ പ്രകാരമെല്ലാമെല്ലാം അനുഗ്രഹിച്ചാലും ശില്പമോടാദിയുഗമായുള്ള കൃതത്തിങ്കൽ മനുഷ്യർക്കെല്ലാം ഹംസമെന്നൊന്നു ചൊല്ലും നിന്നുള്ളിലേവർക്കുമൊക്കെ കൃതകൃത്യരായ ജനങ്ങളാൽ തപിക്കയാൽ കൃതമെന്നാല്ലയല്ലോ പ്രണവമന്നേ വേദമന്ത്രത്തിൽ ധർമ്മമായതും വൃഷരൂപനായ ഞാൻ ഒരു കാലിലും നിൽക്കുമാരാം വിശദതപോനിഷ്ഠന്മാരായ ജനമെല്ലാം ഹംസനാമനെന്നെ സമുപാസനം ചെയ്തീടുന്നു ശംഭികാം ത്രേതായുഗാരംഭത്തിങ്കൽ വരാജനാം എന്നുടെ പ്രാണഹൃദയത്തിങ്കൽ നിന്നു ധന്യമാം വെദവിദ്യാ പ്രാദുർഭൂതയായിതു മൂന്നായിയിങ്കൽ നിന്നത്രി വൃത്തായി യജ്ഞനായി ഞാൻ ഭവിച്ചതൊന്നെന്ന ഇതറികെടൊ വൈരാജനാം പുംസൊ മുഖ ബാഹു ഊരു പാദങ്ങളാൽ ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രന്മാരാൽ സ്വധർമ്മലക്ഷണങ്ങളായി ഇങ്ങനെകെടൊ പ്രവൃത്തിക്കുന്നതു ജഘനാദ്ഗൃഹസ്ഥാശ്രമം ഹൃദയാത്ബ്രഹ്മചര്യം വക്ഷസ്ഥാനാദ്വാനപ്രസ്ഥം മൂലംശിരസ്സിങ്കൽ നിന്നുമായി സന്ന്യാസവും മാനവന്മാരെ വർണ്ണാശ്രമങ്ങളുടെ ജന്മസ്ഥാനാനുസാരികളായുള്ള പ്രകൃതികൾ നീചമദ്ധ്യോത്തമങ്ങളായിട്ടു ഭവിച്ചിതു ശൌചവും ശമദമങ്ങളും സന്തോഷവും ക്ഷാന്തിയും ആർജ്ജവം ഭക്തിയും ദയാസത്യം ശാന്തമായുള്ള ബ്രഹ്മപ്രകൃതി ഇതുകളാം തേജസ്സും ബലവും ധൃതിയും ശൌര്യം തിതിക്ഷയും ഔദാര്യത്തോടെ ഉദ്യമം സ്ഥൈര്യം ബ്രഹ്മണ്യതാ ഐശ്വര്യമിതുകളും ക്ഷത്രപ്രകൃതി ഇതുകളാം ആസ്തിക്യവും ദാനനിഷ്ഠയും പിന്നെ അദംഭം ബ്രഹ്മസേവാ ധനതൃപ്തിയാ ലുബ്ധി ലക്ഷ്മി വൈശ്യപ്രകൃതി ഇതുകളും ദേവബ്രാഹ്മണപശുക്കളെ മായയെന്നിയെ കൈ ശുശ്രൂഷ ചെയ്യുന്നതിനാലെ ലബ്ധമായതുകൊണ്ടു സന്തോഷം പ്രാപിച്ചുള്ള ശൂദ്രപ്രകൃതി ഇതുകളാം അനൃതമശൌചവും സ്തേയനാസ്തിക്യമുള്ള അനിശം നിഷ്ഫലമാം കലഹം കാമക്രോധം സർവ്വപാപസാധാരണ്യമാമിതു സർവ്വ സർവ്വധാപ്യഹിംസയും സത്യവുമസ്തേയവും അക്രോധ അകാമതാ ലൊഭതാരാഹിത്യവും ഇതു കൊണ്ടു പ്രിയഹിതത്തിൽ താല്പര്യവും സർവ്വ വർണ്ണികൾക്കും വേണമെന്നൊരു ധർമ്മമിതു നിർണ്ണയം ബ്രഹ്മചാരിമാരിലും രണ്ടു വിധം ഉപകുർവ്വാണനെന്നും നൈഷ്ഠികനെന്നുമതി ലുപകുർവ്വാണനെന്നതിൽ മുമ്പിൽ ചൊല്ലീടുന്ന ഗർഭാധാനാദിസംസ്കാരക്രമാൽ ദ്വൈവർണ്ണിക ദ്വിജന്മന്മാരുപനയനത്തോടു മുമ്പാം ജന്മാന്തരം പ്രാപിച്ചു ഗുരുകുലെ വസിച്ചുദാന്തനായി സ്വാപശമദമാം വെദമഭ്യസിച്ചർത്ഥമൊത്തുമെ ബ്രഹ്മസൂത്രാക്ഷമാല്യാദ്യാകലമെന്ന്യെ കമണ്ഡലുവായിജിനവും ദണ്ഡവും ജടകളും ധരിച്ചു സ്നാനകാലെ ഭോജനകാലെ ഹോമകാലെ ജപകാലെ പൂജാകാലെ മലമൂത്രോത്സർഗ്ഗകാലത്തും മൌനിയായിട്ടിരിക്കേണം കക്ഷോപസ്ഥാദി സർവ്വസ്ഥാനങ്ങളിലുമുള്ള രോമങ്ങളെയും ഛേദിച്ചീടരുതു രേതസ്സിനെ ബുദ്ധിപൂർവ്വം ജാതുചിൽ വിട്ടീടരുതു ബ്രഹ്മചര്യവ്രതത്തെ ധരിച്ചവൻതന്നാലെ പണിപ്പെട്ടു സ്വതെ ഭവിക്കുന്നതായതിൽ സ്നാനം ചെയ്തു കൃതപ്രാണായാമനായ് ഗായത്രീം ജപിക്കേണം സന്തതമഗ്ന്യർക്കാചാര്യ ബ്രാഹ്മണ ഗോക്കളെയും വിപ്ര ഗുരു വൃദ്ധന്മാരെയും ശുചിയായി സുസമാഹിതനായി സന്ധ്യാകാലങ്ങളിൽ മൌനിയായ്ജപിച്ചുപാസനത്തെ ചെയ്തീടേണം ഞാനാചാര്യനാകുന്നതെന്നറിഞ്ഞീടേണം ഒരികാലുമെയവമാനിച്ചീടരുതല്ലൊ ധരിച്ചീടസൂയയും ചെയ്യൊല്ല മർത്ത്യബുദ്ധ്യാ ഗുരുവായതു സർവ്വദേവതാമയനെടൊ പതിച്ചു സായംപ്രാതർ ഭിക്ഷയായാർജ്ജിക്കുന്ന സകലം കൊണ്ടു വന്നു ഗുരുവിനു വെച്ചിയൽ അതുകൊണ്ടാചാര്യനനുജ്ഞയാ ഭുജിക്കയും ഗുരുശുശ്രൂഷണത്തി

ർത്തവ്യനായിസദാ സരസംനീചനെപ്പോൽനിന്നുസേവിച്ചീടേണം ചരിച്ചീടുമ്പോൾപുറകേയും പിന്നാലെ ചരിക്കേണം പതുങ്ങിനിദ്രയിങ്കൽസന്നിധൌശയിക്കേണം വിശ്രാന്തകാലെപാദസംവാഹനംചെയ്തീടേണം മശ്രാന്തമിരിക്കുമ്പോൾകൈകൂപ്പിനിന്നീടേണം ഇങ്ങിനെവ്രതംതൊട്ടുംഭോഗവർജ്ജിതനായി മംഗലംഗുരുകുലവാസത്തെച്ചെയ്തീടേണം വിദ്യാഭ്യാസത്തെസമാപിപ്പിക്കുന്നോളമേവം വ്യത്യാസമെന്യെവ്രതംധരിച്ചുവാണീടേണം നൈഷ്ഠികബ്രഹ്മചര്യധർമ്മാനുഷ്ഠാനമഹോ ശ്രേഷ്ഠനാംകൃഷ്ണനതുംചെയ്യുന്നിതെന്നാകിൽ ഇവനബ്രഹ്മലോകാരോഹണേച്ഛയുണ്ടെങ്കിൽ വിവശതയെന്നിയെതന്നുടെശരീരത്തെ സ്വാദ്ധ്യായാർത്ഥമായിട്ടുനൈഷ്ഠികൻഗുരുവിങ്കൽമദ്ധ്യമാനസൻ സമർപ്പിക്കയുംചെയ്തീടേണം അഗ്നിയിൽഗുരുവിലുംതന്നിലുമെപ്പോഴുമെ മപ്പുരം ദ്വിജന്നായെന്നെയും-കണ്ടുകൊണ്ടു കന്മഷരഹിതനായ്ബ്രഹ്മവർച്ചസ്സാസമം ചെമ്മെയുപാസിച്ചുകൊള്ളേണമിത്ഥം നാരികളുടെനിരീക്ഷണസ്പർശനവും ചാരുസല്ലാപപരിഹാസാദ്യമൊന്നും മമ്പയതാരാ യുഗ്മപ്രാണികൾതമ്മെക്കൂടി സന്ദർശിക്കരുതീടേണംബ്രഹ്മചാരി ശൌചമാചമനവുംസ്നാനസന്ധ്യാവന്ദനം ശൈശവത്തുമറ്റേതേതുമതീർത്ഥസേവാ എന്നിവയെല്ലാംആശ്രമപ്രയുക്തനിയമമായെന്നുസർവ്വർക്കും ഏകന്തമാവും മാനസവാക്കായസംയമമാമതും ആനന്ദബ്രഹ്മവ്രതധരനായഗ്നിപോലെ ജ്വലത്തായുള്ളതേജസ്സായുള്ള ബ്രാഹ്മണശ്രേഷ്ഠൻ വിളങ്ങുമൊരോറുമുള്ളതിപ്രമാണമെ സ്സിനാൽ ദഗ്ദ്ധകർമ്മനായിട്ടുള്ളപുരുഷനു ഭക്തരായിട്ടൊന്നുമില്ലെന്നുധരിച്ചാലും അമലനാവനാമകനായുവിജ്ഞനും സമനൈഷ്ഠികന്റെധർമ്മമിച്ചൊന്നതെല്ലാം തന്നെന്തരപ്പിചാരിത വേദാർത്ഥനായി മതിമാനായുള്ളോപകന്വാ സമചിതനാമാം ആശ്രമപ്രവേശത്തിന്നിച്ഛയുള്ളവനെങ്കിൽ ആശ്രയമത്തനായഗുരുപ്രവരന്ദക്ഷിണനൽകി ഗുരുവാജ്ഞയോടിതനായ് സ്നാനംശം സമാവർത്തനമതുംചെയ്തു ഗൃഹത്തിൽവരികയോവനത്തിൽപോകയോ വേണ്ടുകിൽപിന്നെപ്പോത്തമൻസന്ന്യസിക്കയോവേണം ആശ്രമത്തിൽനിന്നാശ്രമത്തിലുപോകയല്ല നിശ്ചയം വിപരീതമായിട്ടുചെയ്യരുത് ഗൃഹകാരിയായുള്ളൊന്നു ഗൃഹസ്ഥിതിയായും നീയസാസ്സിൽസ്വവശീയായും പിന്നെ സജാതിയുമായ് വയസ്സിൽതാണുമുള്ളു കന്നിയെക്കൊള്ളണമെന്നുക്രമാൽ അഭ്യയനെന്ന്യാ ഗാനംഗ്രന്ഥം ഇന്നിവമൂന്നുമുത്തമമദ്ധ്യാപനം യാജനംപ്രതിഗ്രഹം ഇമ്മൂന്നും ബ്രാഹ്മണനെക്കൊണ്ടു ചെയ്യാവതറിഞ്ഞാലും ബ്രഹ്മതേജസ്സതിപൊയശസ്സും പോകിടുമെ ഒള്ളതപ്രതിഗ്രഹമങ്കൊണ്ടുമനോനിത്രുപിച്ചു ചൊല്ലിയൊരദ്ധ്യാപനയാജനങ്ങൾവിക്കണം അതിലുംകൊള്ളുന്നൊരിരൊന്നതെങ്കോക്ഷിതെ പതിതതുള്ളാന്തരംഷിക്കാനനിലുപേക്ഷിച്ച ധാന്യാദികനിശങ്ങൾ പെറുക്കികൊണ്ടുപൊന്നു മാന്യൻജീവനംകഴിയ്ക്കുന്നതുത്തമമെത്രെ ബ്രാഹ്മണന്റെദേഹം ക്ഷുദ്രകാമാർത്ഥമായി ധാർമ്മികൻ പ്രാപിപ്പതിനീടതുസർവ്വദാ ഇഹത്തിൽനരകമാം തപസ്സിനുചെയ്തുകൊണ്ടവർ പരത്തിലനന്തമാംസുഖത്തെപ്രാപിക്കുമേ ശിലവൃത്തിയെന്നരുളിച്ചൊന്നവൃത്തിതന്നെ നലമാമുഞ്ഛവൃത്തിയെന്നതിപണ്ഡിതരായ് പതിതമായുള്ളതുകൊണ്ടനുജീവിപ്പതാ മിതുരണ്ടിനാൽപരിതുഷ്ടചിത്തനമായി അതിഥിസൽക്കാരാദിധർമ്മത്തെനിഷ്കാമനാ യനുഷ്ഠിച്ചുകൊണ്ടുമത്യഷ്ടിതാത്മാവായി ഗൃഹത്തിൽതന്നെയിരുന്നതിപ്രസക്തനാം ഗൃഹസ്ഥൻനിർവ്വാണത്തെപ്രാപിച്ചീടുന്നുസഖെ ഇങ്ങിനെനിജനത്തെധർമ്മത്തെയനുഷ്ഠിച്ചെയ്തു മംഗലംസാധനങ്ങളെന്റെധർമ്മവുമതുമൂന്നു മല്ലൊരായനെന്നായിരമർത്ത്യമഴകന്ന വിപ്രന്മകരയേറിട്ടന്നോരുജനങ്ങളെ ആപത്തിൽനിന്നതൊന്നമെചരാത്മകരെറുന്നു അകലമെന്ന്യെകൊണ്ടുസമുദ്രാലെന്നപോലെ അർക്കനെപ്പോലെസർവ്വപ്രജകളെയുംരാജാ നിശ്ചയംവ്യസനത്തിൽനിന്നുവേർപെടുത്തേണം മത്തഗജങ്ങളെ എങ്ങിനെയെന്നപോലെ ഉത്തമനെന്നന്നാലുദ്ധരിച്ചീടവേണം ഇങ്ങിനെയുള്ളരാജാവിങ്ങശുഭങ്ങൾനീങ്ങി മങ്ങാതസൂര്യവർച്ചസ്സാംവിമാനെസഹ ഇന്ദ്രനോടൊന്നിച്ചേറാംരമിച്ചിടുന്നുസഖെ നന്നെറെദിനോദധനത്തിലുള്ളവിതചിവലഞ്ഞപോയാൽവിപ്രൻവിക്രയയോഗ്യങ്ങളാംവണിഗ്വൃത്തിയെകൊണ്ടുവപച്ചിൽതീർത്തീടേണം ഖഡ്ഗധാരണമായക്ഷത്രിയവൃത്ത്യാപിവാ ദുഃഖാക്രാന്തനാണ്ടോയിതെങ്കിലുംശ്വവൃത്തിയാം നീചസേവയെകൊണ്ടുജീവനമതതെല്ലൊ രാജന്യനാപത്തിങ്കൽവൈശ്യവൃത്തിയെക്കൊണ്ടും നായാട്ടുകൊണ്ടും വിപ്രവേഷത്തെപൂണ്ടുകൊണ്ടോ വിദ്യാദ്ധ്യാപനംകൊണ്ടുംജീവിക്കാം വൈശ്യവൃത്ത്യാന ശൂദ്രവൃത്തിയെ

പ്രാപിച്ചിട്ടുമാംവൈശ്യൻ മുഖെ ഗ്രഹണംകാനകടാദിക്രിയകളെക്കൊണ്ടും സങ്കടത്തിങ്കൽനിന്നുമുക്ത
രായ്‌വിച്ചാകിൽ ശരീരത്തിൽ പുണ്യവൃത്ത ചെയ്യുകയെന്നുന്നം വൃത്തിഭേദത്തെയുറപ്പിച്ചെച്ചവംഗൃഹസ്ഥ
ന്റെ കർത്തവ്യപക്ഷയങ്ങളാനിയെഴുന്ന വൈരാഗ്യായമെന്നുള്ള ബ്രഹ്മയജ്ഞത്താൽ ദൃഷ്ടിൻ സാ
മംസാധാരണംകൊണ്ട് ഗൃഹാശ്രമികളെ സ്വാധ്യായത്താൽ ദേവന്മാരെയും ബലിവര ഹൈരണ്യ
കൊണ്ടുഭൂതങ്ങളെയുമന്നാദ്യത്താൽ അതിഥിപ്രവരന്മാരുടേയുമിവർ സന്തതമായുപാസ്യരാകയാ
ൽ യജിക്കണം യജ്ഞാപ്രാപ്തങ്ങളോ ഭേദാൽ ജ്ഞിതങ്ങളാൽ ഉളുപ്പധനംകൊണ്ടുരക്ഷിപ്പാനുള്ളവരെ
രക്ഷിച്ചുനല്ലെന്നുകിട്ടുംകൊണ്ടുവസിക്കേണം ശക്തിയാൽ കുഡുംബിയെന്നാകിലുംകുഡുംബവൃ
ത്താസക്തനായീശ്വരനിഷ്ഠയിലൊരിക്കാലും അവശ്യം പ്രമത്തനായിട്ടുകയരുതെല്ലൊ അദൃഷ്ടസാപ്ത്യം
ദിയുംദൃഷ്ടമാംപ്രപഞ്ചംപോൽ അവശ്യംനശ്വരമായ്കാണംന്നംവിദ്വാനായെയാൻ പുത്രദാരാപ്തബ
ന്ധുസംഗമംപ്രപഞ്ചിക ലൊത്തുകൂടിട്ടന്നാൽ സംഗമംപോലെ അനുഭവന്നശിച്ചുപോക
ന്നിതെല്ലാമെ അനിശമിന്ദ്രിയസ്വപ്നമെന്നതുപോലെ ഇങ്ങിനെയുക്തികൊണ്ടുചിന്തിച്ചു
ഗൃഹങ്ങളിൽ മംഗലന്തിഥിയെപ്പോലവെവസിക്കേണം ഗൃഹാദ്യങ്ങളാലബന്ധിതനായ്നിർമ്മമനാ
യ്യാഹങ്കൃതിയാനിരഹങ്കൃതിയായിരിക്കേണം ഇങ്ങിനെ ഗൃഹസ്ഥധർമ്മങ്ങളാലെന്നെത്തന്നെ മംഗല
ന്റമാകൻ യജിച്ചുഗൃഹത്തിന്നവസിച്ചുകൊള്ളുകയോ പുത്രന്മാരായാൽ പിന്നെ വനത്തിൽ ശ
മിക്കയോസന്യസിക്കയോ ചെയ്യട്ടോ ഗൃഹത്തിലാസക്തബുദ്ധിയുമായ്പുത്രവിത്താദ്യേഷണയാലുത
നായിന്ദ്രിയനാശനമായി കൃപണമധിയായുള്ളൊൻ ഞാനെന്നെന്തെന്നിങ്ങിനെ നിട്ടതം
ബന്ധംപ്രാപിച്ചിട്ടിന്നിതറികെടൊ നമ്മുടെമാതാപിതാക്കന്മാർവൃദ്ധന്മാരഹോ ചെമ്മെഭാര്യയുംബാ
ലാപത്യകളിയും ഞാൻ ദീനരായനാഥരായ്ക്കളെയെന്നെവല്ലാൻ ന്നംഗങ്ങൾനശിപ്പിച്ചീട്ടുണ്ടുഭവിത
രായി ഇങ്ങിനെഗൃഹാശയവാസിക്കപ്പുകയെന്നു യത്നാരംഭമധ്യായയാഥപുനായൊരിവൻ അവരെ
ധ്യാനംചെയ്യുന്നവനായിട്ടുപിന്നെ വശനായിട്ടന്ധതാമിസ്രംപ്രാപിച്ചീടുന്നു പതിനേഴദ്ധ്യായവ്യാഖ്യ
ഴിഞ്ഞിതിവിടത്തിൽ മതിയാൽതെളിവൊടുകെട്ടാലുംകഥാശേഷം. (൫) വനത്തെപ്രവേശിപ്പാ
നിച്ഛിപ്പാൻപുത്രന്മാരിൽ ഭാര്യയെ വെച്ചിട്ട്കൊണ്ടാകിലും ഭാര്യയൊടൊരുമിച്ചെന്നാ
കിലുമാവാമെടൊ ആയുസ്സിൽ മൂന്നാംഭാഗത്തിങ്കൽ ശാന്തനായി കാട്ടിൽ തന്നെവസിച്ചീടേണം
വന്യങ്ങളായിടിന്ന മേധ്യങ്ങളാം കന്ദമൂലഫലങ്ങളാൽ വൃത്തിയുംകഴിച്ചുടൻ വല്കലത്തുണിപുണ്ണും ന
ൽതോലെന്നവ വസന്ത്രം ധരിച്ചുദിനമെന്യെ നഖരോമകേശശ്മശ്രുക്കൾകളയാതെ സ്വഭമായ
ദന്തധാവനാദിയുമെന്യെ മൂന്നുകാലവുമപ്പിൽസ്നാനവുമതുകൊണ്ടു മാന്യനായുള്ളോൻമുഡ
സ്ഥണ്ഡിലശായിയായി ഗ്രീഷ്മത്തിൽ പഞ്ചാഗ്നിമദ്ധ്യത്തിലും വർഷാകാലെ ഭീഷ്മമാംവർഷമേറ്റും
ശിശിരകാലത്തിങ്കൽ അകണ്ഠമഗ്നനായും ഘോരമാന്തപസ്സോവ മാകലമെന്യെചരിച്ചീടേണമറി
ഞ്ഞാലും അഗ്നിയിൽപാകമിയുതെ ലുകൊപലങ്ങളിൽ പക്വമായുള്ളഫലമെന്നാകിലുംഭുജിച്ചീടാം
നീവാരാദ്യങ്ങളും ഫലത്തിങ്കൽതയുമാം ഗ്രാവകൊണ്ടരച്ചിയുംദന്തത്താൽകൊറിച്ചുമാം താന്തന്നെ
ആനുട്ടയവൃത്തിയ്ക്കുവേണ്ടുന്നവ ദേശകാലമാവസരം സമ്പാദിച്ചുകൊള്ളേണം സർവ്വം കാലദേശാദി
ബലാദിജ്ഞനാം മുമാന്യ കാലാന്തരത്തിലാഹരിച്ചുവകയ്യൊളുപ്പു വന്യങ്ങൾകൊണ്ടാഗ്രയണാ
ദികളായിട്ടുള്ള ധാന്യമാംചരുപുരോഡാശമെന്നിവ ചെയ്യു അല്ലാതെശ്രൗതമായപശുകൊണ്ടെന്നെ
യജിക്കൊല്ല ഭോവാനപ്രസ്ഥനെന്നതുധരിച്ചാലും അഗ്നിഹോത്രവുമമാവാസ്യയുംപൌർണ്ണമിയും
വിഖ്യാതചാതുർമ്മാസ്യമെന്നിവപലതരം നിഗമവാദികളാൽ കല്പിതങ്ങളുകളെമുനി വിധശൂമങ്ങളെ
യ്യുംകൊള്ളേണംഭക്തിയോടും ഇങ്ങിനെഘോരതരതപസ്സാൽ മെലിഞ്ഞേറ്റം മാംസത്തിൽസിരായുത
നാകിയമുനിവര്യൻ സന്തതംതപോമയനായെന്നെയാരാധിച്ചു ദ്രൂത്യകാലത്തിൽമഹല്ലോകാദി
ക്രമേണമാം പ്രാപിച്ചീടുന്നയാവനോരതൻസങ്കടത്താൽ പ്രാപിപ്പാനായ പക്വമായ്വൊക്കാ
പ്രദമായി മഹത്തായിതപസ്സെയല്പമാംകാമ്യാർത്ഥരായി ചെയ്യുന്നവനെയൊജിപ്പിച്ചാൽ ബാലിശ
നവനെന്നപോൽ അതുള്ളപിന്നെയെപ്പോഴിനിയമെകൃച്ഛ്രനായി ഘോരമാംജരകൊണ്ടുജാതവേപഥു
വായി ഭവിച്ചുള്ളിവനഗ്നിനാത്തനിസമാരോപ്യ സുവ്യക്തൻമൽചിത്തനായഗ്നിയെപ്രവേശിക്ക
കർമ്മാധീനങ്ങളായിദുഃഖാധിക്യങ്ങളായ ബ്രഹ്മാദിലോകങ്ങളിൽവൈരാഗ്യതീവ്രമായിട്ടുണ്ടായ്വന്നാ

കിലഗ്നിൻപൂൎവ്വവരാരൊപിച്ചു കൊണ്ടുടൻ സന്യസിച്ചുകൊള്ളുകകൊള്ളാമെടൊ നൽബ്രാഹ്മണശ്രേഷ്ഠ പൂൎവ്വം പ്രാജാപത്യേഷ്ടികൊണ്ടു വിശപാസനത്തോടുന്നമൊഴിച്ചു സൎവ്വസ്വവും ഋത്വിക്കുകൾക്കായിട്ടങ്ങു കൊടുത്തിട്ടഗ്നികളെ സ്വതന്ത്രം പ്രാണനൊപാധിയാതാത്മാവിങ്കൽ ചെറ്റുടൻ നിരപെക്ഷനായ്സന്യസിച്ചീടെണം ധാത്രിദെവെന്ദ്രൻ സന്യാസാൎത്ഥമായുന്നിയുമ്പോൾ നമ്മെയാശ്രയിച്ചീടുവൻ പരത്തെ ഗമിച്ചീടും ചെമ്മെ എന്നൊൎത്തു കളത്രാദിരൂപികളായി ദെവകൾ വിഘ്നം ചെയ്തുചെയ്യുമെന്നറിക കെവലം കൌപീനാച്ഛാദനത്തിൽ പരമൊരു വസ്ത്രത്തെയതിവയ്ക്കനിച്ഛിച്ചിടുന്നാകിൽ ലെത്രകൊണ്ടു കൌപീനം മറയ്ക്കെന്നുവെച്ചാൽ അത്രമാത്രമായുള്ള വസ്ത്രമാമെന്നാപത്തി ഏതുമൊന്നുമെ കമണ്ഡലുപാത്രാദിയുമാം ദൃഷ്ടിപൂതമാം കൃത്വാ പാദത്തെന്യസിച്ചീടണം ചട്ടററവസ്ത്രപൂതജലം കൊണ്ടുകുടിക്കേണം സത്യപൂതയായുള്ളവാണിയെ വദിക്കേണം ബുദ്ധിയുമതുപൂതമായനുചെയ്തിടെണം മൌനം വാഗ്ദണ്ഡവും പ്രാണായാമത്തെക്കൊണ്ടു മാനസദണ്ഡം കാമത്യാഗമെ ദെഹദണ്ഡം ഇമ്മൂന്നു ദണ്ഡം യതിക്കില്ലെന്നുവരികിലൊരു ചെക്ക വെണുദാരു ലിംഗമാത്രം ധരിച്ചീടാ നിൎവ്വികാരനായുള്ള വന്ധ്യജിച്ചു യതിശ്വരൻ വൎണ്ണങ്ങൾ നാലിങ്കലും ഭിക്ഷയും മററുകൊള്ളാം ദുഷ്ടന്മാരാമവർതന്നാലകന്നുകൂട്ടമെന്നു ഏഴുവീട്ടിൽകൂടാതെ എഴുവീടുകളിൽ ചെന്നു എത്രകിട്ടിയെന്നാകിലതിനാൽ തൃപ്തനാകേണം അത്രമാത്രമുപ്പായതമെററന്നം വെണ്ടിലെപ്പൊ ഗ്രാമത്തിൽനിന്നു വെളിയിൽ ജലാശയമതിൽ ചെന്നു സ്നാനം പ്രാപ്യപ്രൊക്ഷണാദി ശുദ്ധിചെയ്തു വിഷ്ണുബ്രഹ്മാദികൾക്കുമതിൽ ദാനം ചെയ്തു ശിഷ്ടമാമന്നമെല്ലാം ഭുജിക്കേണം ഏകനായുലകെങ്ങുമുഴന്നുമെവിടെയും സംഗമില്ലാതെ യൊഗിസംയതെന്ദ്രിയനായാത്മക്രീഡനായി ആത്മനിരതനുമായുമാത്മനായി ആത്മവാനായ്പ്രകാശനൎവ്വസമദൎശനായി തങ്കൽതാൻകൊണ്ടു ശുദ്ധാന്തഃകരണനുമായി നിൎജ്ജനമാകുമൊരുദെശമെന്നാത്മാവെകമെന്നു ചിന്തിച്ചീടെണം ബന്ധമാകുന്നതിന്ദ്രിയവിക്ഷെപമൊക്ഷമെന്നുമിന്ദ്രിയസംയമമെന്നുമറിഞ്ഞുകൊള്ളെണം ഇന്ദ്രിയവിക്ഷെപമൊ ബന്ധമെന്നും പിന്നെ ഇന്ദ്രിയസംയമമൊ മൊക്ഷമെന്നുമൊൎത്തു അരിഷഡ്വൎഗ്ഗത്തെയടക്കിമരുവുന്നതാൽ സൎവ്വകാമങ്ങളിൽനിന്നു വിരക്തനായി മഹത്തായുള്ള സുഖമാത്മനിലഭിച്ചിട്ടു പ്രഹൃഷ്ടനായുന്നിപുരഗ്രാമങ്ങൾ വ്രജം തീൎത്ഥയാത്രാൎത്ഥമുഴിയിൽ ഭിക്ഷയും മാത്രമൊരംപ്രാപിച്ചു ഭിക്ഷയുമററിടെണം പുണ്യദെശങ്ങൾ നദീ ശൈലവനാശ്രമങ്ങളെന്നിവയൊടെത്തുള്ളൊരിമ്മഹീതലത്തിൽ ഭിക്ഷാൎത്ഥം ചരിക്കേണം വാനപ്രസ്ഥാശ്രമത്തിൽ ശിക്ഷയിൽ സിലാന്നത്തെക്കൊണ്ടുഭിക്ഷാവൃത്തി കയ്യൊഴിച്ചിടെണമെന്നൊക്കശുദ്ധസത്വനായി നിൎദ്ധാരൻവൃത്തമൊഹമൊഴിച്ചുകളഞ്ഞു ദാനാദിയെവിട്ടു നിൎമ്മലനായി കൎമ്മവൃന്ദിയെന്നിയെന്നതിനൎത്ഥം ഇതിനെ വസ്തുതയാ ദൎശിച്ചീടൊല്ല വെറുതെ സ്വതന്ത്രബുദ്ധ്യാ സമായത്തുന്നില്ല അതിനാലിഹാമുത്ര കാൎയ്യകൃത്യത്തിൽ നിന്നു മതിമാനസകൃത്യത്തിൽ വിരമിച്ചീടെണമെ മമതാസ്പദമായൊരിപ്പുഗമതെയും പിന്നെ സ്വമതമെന്നാപത്തിശൂന്യങ്ങളൊടടിച്ചെന്നും അഹങ്കാരാസ്പദമായുള്ള ദെഹത്തെയും മഹത്തമെന്നാകനത്യന്യസ്വഭാവത്തെയും ആത്മനി മായാമയമെന്നെവം ഞാനറിയാം സൂക്ഷ്മദൃഷ്ടാന്തം കൊണ്ടുത്യജിച്ചു ശുദ്ധനായി ആത്മനിഷ്ഠനായിന്നിമററുളളതൊക്കെ ത്യജിക്കണം ആത്മാരാമവൃത്തികൊണ്ടുടെയുമം അതിലിമെൽപരമഹംസാദിയമത്തെയു മതിചെയ്യുന്നുജ്ഞാനനിഷ്ഠനായ്സ്ഥിരനായി അനപെക്ഷനായുള്ളൊരുത്തമഭക്തൻ അനാശ്രമസഹിതനാകുമാശ്രമങ്ങളെ കൈവിട്ടുവിധിയിങ്കൽ ബന്ധവുംകൂടാതെകണ്ടു ഭുവനൊത്തമന്മാരെ ചരിച്ചീടുന്നോനറികെടൊ നല്ലൊരു വിവെകവാനെങ്കിലും ബാലനെപ്പോലെ ഉന്മത്തനായുമനാലി വിട്ടീടിയ്യേണം നിപുണനെന്നാകിലും ജഡനെപ്പൊലെതന്നെ സുഫലാനുസന്ധാനാഭാവെന ചരിയ്യേണം വിദ്വാനെന്നാകിലുന്മത്തനെപ്പോൽ ലൊകരെല്ലാം ദൃഷ്ടാവെനവരിച്ചീടെണം വെദാൎത്ഥത്തിന്നു നിഷ്ഠാവിചാരനായിരിക്കേണം കൎക്കശവാദാൎത്ഥവ്യാഖ്യാനതല്പരനാകരുതു ചെമ്മെ സ്വത്യാഗാൎത്ഥവിതണ്ഡാവാദവും ചെയ്യൊല്ലാ ചിത്തക്ഷിപ്തിതിവിവാദത്തിൽ ചെന്നു കൊൾകയുമരുതു ജനത്തിൽ നിന്നവിരൻ ഭയപ്പെട്ടിടരുതു ജനത്തെ ഭയപ്പെടുത്തുകയും വെണ്ടിലെല്ലാം ഉന്നീയുകെന്നൊവമാനിച്ചീടരുതു ഒരുത്തനെയും പിന്നെ ദെഹത്തെയുദ്ദെശിച്ചു പശുപൊലവെവൈരമെങ്ങും താനൊട്ടുമെ ചെയ്യരുതു ഏകാമാനായി കൎമ്മപാശമൊരു വിശദമായിട്ടു ഏകൻ സൎവ്വഭൂതങ്ങളിലും പരനായുള്ളൊരാത്മാവെകനെന്നാണീട്ടിനി ഒരു ചന്ദ്രനെ

ബ്ഭുറമുള്ള ദ്വാരിയിൽ പോലെ ദൃഷ്ടിയെക്കൊണ്ടു നോക്കീട്ടു പോഴ്. സൎവ്വ ദേഹവും ഭൂതാത്മകങ്ങൾ കാൎമ്മ
കങ്ങളെല്ലാം അശനം കാലേ കാലേ കിട്ടാഞ്ഞാൽ ഖേദിക്കയും പ്രശമിക്കിട്ടിയെങ്കിൽ സന്തോഷിക്കയും വെ
ണ്ടാ ശുത്രൂരങ്ങളും ദൈവാധീനമാമതിനാൽ വല്ലാഹാരാൎത്ഥമായെത്തും ചെയ്യാതെ നന്നെയുള്ള പ്രാണധാര
ണം യുക്തമാകുന്നതതാതിനെ ജ്ഞാനജിജ്ഞാസയുള്ളതുകൊണ്ടാകുലം തതാകത്തെയറിഞ്ഞു എല്ലാമൊ
ഴത്തെ പ്രാപിക്കുന്നു നിത്യവും യദൃച്ഛയാ പ്രാപ്തമായുപചിച്ചുള്ള അന്നത്തെ ഭുജിക്കുന്നതെന്നറക്കമമെടൊ
എന്നതുപോലെ വസ്ത്രം ശയ്യയും യദൃച്ഛയാ പ്രാപ്തം പ്രാപ്തമായതു ഭുജിച്ചീടേണം മുനി പ്രാജ്ഞനാം ജ്ഞാ
നനിഷ്ഠൻ ശൌചസ്നാനാചമനം അന്യങ്ങളായ നിയമങ്ങളും ചെയ്യുന്നു ധന്യ കെൾ വിധികിങ്കരത്വം
കൊണ്ടല്ലയല്ലോ ലീലയെ ശ്രവണായതോൻ ചരിച്ചീടുന്നപോൽ ചാലെ ജ്ഞാനിയുമസംസക്തനായ്വ
രിക്കുന്നു അവനും ഭേദപ്രതീതികൾ വിജ്ഞാനം കൊണ്ടു നശിച്ചു പോയതിനാൽ ഭേദമില്ലാ ദേ
ഹാന്തത്തോളം കാചിൽ ഉത്തിജ്ഞാനം കാണ്ടു മോക്ഷ തൊനഹി ജ്ഞാന ബോധിതമായിട്ടത്രെ ഇങ്ങിനെ
വിരക്തനാമപരോക്ഷജ്ഞാനിക്കു മംഗലം സന്യാസവും തദ്ധൎമ്മങ്ങളും ചൊല്ലി കേവലം വൈരാഗ്യ
വാനാമുമുക്ഷുവെക്കുറിച്ചീ വക്ഷ്യം സംശയിച്ചു അതുളിചെയ്തീടുന്നു ഭേദാധിക്യങ്ങളായ കാമ്യങ്ങളിൽ ജ്ഞാ
താച്ഛല്ലഗ്രൈരാഗ്യനായാത്മവാനായിട്ടുള്ള മദ്ധൎമ്മാനഭിജ്ഞനായുള്ളോരു മുനിവരൻ സതഃരം ഗുരുവി
നെ ശരണം പ്രാപിക്കേണം എപ്പോഴും ബ്രഹ്മത്തെയറിയുന്നിത്രത്തോളവും ഭിപ്രാജ്ഞൻ ശ്രദ്ധാവാ
നായനസൂയനായി ഗുരുവാമെന്നെ തന്നെയാളത്യപരിചരിക്കേ ഷഡ്വൎഗ്ഗങ്ങളായ ജ്ഞാനേന്ദ്രിയാണി
മനഃ എന്നിവയാറുമടക്കീടാതെ പ്രചണ്ഡമാമിന്ദ്രിയസാരഥിയാം ബുദ്ധ്യാ സംയുക്തനായി ജ്ഞാന
വൈരാഗ്യവിരഹിതനായുള്ളതിമാനിയാത്രിദണ്ഡത്തെക്കൊണ്ടു പജീവിക്കുന്നു ആത്മാനമാത്മസ്ഥാ
നാമെന്നെയും സുരരെയും തന്റെയധൎമ്മം ഹന്താവായുള്ളോനൊളിക്കുന്നു അപകഷായനായുള്ളീവനി
ഹപരം അവശ്യം രണ്ടുമെന്ന്യേ ഹിനനായുവിക്കുന്നു ആശ്രമനാലിലുമുള്ളോരുടെ പ്രധാനമാം ശമശ
മധൎമ്മം കേട്ടീടഹിംസാശമം മതങ്ങളെയാനപ്രസ്ഥനതപശ്ശംക്ഷയും ഗൃഹസ്ഥനായോനഹോ സൎവ്വഭൂത
ക്ഷേമാദിത്യയതും ബ്രഹ്മചാരിക്കു ഗുരുസേവയും പ്രധാനമാം ബ്രഹ്മചൎയ്യപ്രകാരം കേൾക്കെടോ ഗൃഹ
സ്ഥനാം ഋതുകാലത്തു സ്വഭാൎയ്യാഗമനവും പിന്നെ സതതം ഭാൎയ്യാവിരഹിതന്മാരാം ശൌചമെന്നും സന്തോ
ഷം തപൊ ഭൂതസൌഹൃദം മത്സേവനം സനതമെന്നിങ്ങിനെയുള്ളോരു സദ്ധൎമ്മത്താൻ യാതൊരുവ
നാനിത്യമനന്യഭക്തനായിട്ടു സാദരം ഭജനം ചെയ്തീടുന്നിതെന്നാലവൻ സൎവ്വഭൂതങ്ങളിലും മത്ഭാവമുള്ള
ഭിന്നസൎവ്വദാമത്ഭക്തിയും പ്രാപിച്ചീടുമെ ഭഗവാൻ അനപായിനിയായ മത്ഭക്തികൊണ്ടവൻ അഖി
ലലോകമഹേശ്വരനായുള്ളൊരു മാസൎവ്വോല്പത്ത്യവ്യയമായുള്ളൊരു ബ്രഹ്മമായുള്ളോരെന്നെ നിശ്ചയമവൻ പ്രാപിച്ചീ
ടുമെന്നറിഞ്ഞാലും ഇങ്ങിനെ സ്വധൎമ്മംതാൻ ശുദ്ധചിത്തനുമായി മംഗലമത്ഗതിയെയറിഞ്ഞുള്ളവനുമാ
യി ജ്ഞാനവിജ്ഞാനസമ്പന്നനുമായിരിക്കുന്നായവനെന്നെ ഉടനെ സമ്പ്രാപിക്കുമറിഞ്ഞാലും ചൊ
ല്ലെഴുംവൎണ്ണാശ്രമവാന്മാരായുള്ളോരുടെ നല്ലതാമാചാരലക്ഷണമാം ധൎമ്മമിതു ഇദ്ധൎമ്മം തന്നെ മത്ഭക്ത്യാ
യുക്തമായെങ്കിൽ ശുദ്ധമാം മോക്ഷകരം പരമെന്നറിഞ്ഞാലും സാധോ ഞാനിനിചോദിച്ചതുമൂലമായി പ്ര
കാരം സാദരം വൎണ്ണാശ്രമധൎമ്മങ്ങളുമിൽ ചൊല്ലി സ്വധൎമ്മസംയുക്തനായുള്ളോരു മത്ഭക്തൻ പ്രഥിത
ൻ പരനായൊരെന്നെ പ്രാപിച്ചീടുമെ അദ്ധ്യായം പതിനെട്ടു കഴിഞ്ഞിതിവിടത്തിൽ ലത്യാനന്ദേന കേട്ടു
കൊള്ളുവിൻ മേലെടവും. (൧൯) സ്വാനുഭൂതിയോളവും ശ്രുതജ്ഞാനസമ്പന്നനായ്യാനന്ദമൂലം സമ്പ്രാ
പ്താത്മതത്വനുമായി അപരോക്ഷജ്ഞാനിയായുള്ളവനിഭം ചൈത മഹിതന്നിവൃത്തിസാധനമായിട്ടു
ള്ളതും എന്നിലെ മായാമാത്രജൃംഭിതമെന്നറിഞ്ഞു ധന്യൻ ജ്ഞാനത്തിനെയും തത്സാധനത്തിനെയും ന്യ
സിച്ചീടേണമതു വിദ്വത്സന്ന്യാസമെന്നു പ്രസിദ്ധമത്രഹേതുവും പറഞ്ഞീടാം കേൾക്ക ഇപ്പോലെയുള്ള
ജ്ഞാനികൾക്കിഷ്ടനമഹന്താനന്ത അപ്പോലെ സമ്മതനും ഫലം തത്സാധനവും അത്രയേ പുരപവൎഗ്ഗവും സ
ൎവ്വവും ഞാൻ അപ്പുരുഷനു പ്രിയമായുള്ളൊരൎത്ഥമന്യമൊന്നുമില്ലെന്നെയൊഴിച്ചെന്നതുമറിഞ്ഞാലും
എന്നല്ല ജ്ഞാനവിജ്ഞാനാദിസമ്പന്നരായവർ ശ്രേഷ്ഠമാം മല്പദത്തെയറിഞ്ഞീടുമൊൎക്കിലെ പ്രേഷ്ഠ
നായുള്ള ജ്ഞാനിനമുക്കു പ്രിയതമൻ ജ്ഞാനം കൊണ്ടെന്നെയവൻ ഭരിച്ചു കൊണ്ടീടുന്നു ജ്ഞാനമതതപ
സ്തീൎത്ഥം ജപവും ദാനം പിന്നെ പവിത്രങ്ങളായുള്ള മറ്റുള്ള കൎമ്മങ്ങളും നിവൃത്തികരജ്ഞാനലേശം കൊ
ണ്ടുണ്ടാകുന്ന ശുദ്ധിയെപ്പോലെ ശുദ്ധിയുണ്ടാകുന്നില്ലതസ്മാ ദ്ബുദ്ധവജ്ഞാനം കൊണ്ടു സ്വാത്മാനമറി

ഞ്ഞിട്ട സൎവ്വവും വിട്ട ജ്ഞാനവിജ്ഞാനസമ്പന്നനായ്വരാ മമഭക്തിഭാവിതനായിട്ടെന്നെ ഭജിച്ചീടുക ജ്ഞാനവിജ്ഞാനയജ്ഞംകൊണ്ടു തൃജിച്ചുസൎവ്വം സൎവ്വയജ്ഞേശനായാത്മാവാമെന്നെയുമാത്മാവിങ്കൽ യജിച്ചു മുനീന്ദ്രന്മാരെന്നെ പ്രാപിച്ചാർ നീങ്കലാശ്രയിച്ചീടുന്നൊരാദ്ധ്യാത്മികാദി വികാരങ്ങളാം ദൈഹാദിക ളാദ്യന്തങ്ങളിലില്ലാ മദ്ധ്യത്തിലുണ്ടാകയാൽ രജ്ജുവിൽ സൎപ്പംപോലെ മായയാകുന്നിതെടോ നിശ്ചയം ജന്മാദികളീവികാരത്തിന്നത്രെ അധിഷ്ഠാനഭൂതനാം നിനക്കെന്തുകൊണ്ടു അസത്താം സൎപ്പരാദ്യന്തത്തിങ്കലില്ലായ്കയാൽ മദ്ധ്യത്തിങ്കലുമില്ല എന്നപോലീവികാരം മദ്ധ്യാന്ത്യാദ്യങ്ങളിലില്ലെന്നു ധരിച്ചാലും ആദ്യന്തങ്ങളിലുള്ളതെത്രെ മദ്ധ്യത്തിങ്കലും ആത്മാവിന്നു ജന്മാദികളില്ലയെല്ലൊ അതിനാൽ നിൎവ്വികാരബ്രഹ്മ നീയെന്നു കെട്ട മതിമാൻ പന്നഗേന്ദ്രോദ്ധവർ ചോദിക്കുന്നു വിശേഷവിശുദ്ധമായ്വിപുലമായി പിന്നെ നിരപേക്ഷ വൈരാഗ്യവിജ്ഞാനസംയുക്തമായി ഐശ്വൎയ്യംപൂൎണ്ണമായുള്ളൊരു ജ്ഞാനത്തെയും നിത്യവും ബ്രഹ്മാദികളാലുമപേക്ഷിക്കുന്ന ത്വൽഭക്തിയോഗത്തെയും ചൊല്ലേണം വിശേഷിച്ച് നിൎത്താപത്രയംകൊണ്ടു ഭീതനായി ഘോരമാം ഭവാദ്ധ്വാവിൽ സന്തപിക്കുന്നവന്നു ത്വൽപാദാതപത്രമാം പാദാബ്ജത്തിന്നൊഴികെ അമൃതവൎഷവും സാഖമൊഴിച്ചന്യമാശ്രയം കാണുന്നില്ലെ സംസാരവിലത്തിങ്കൽ സമ്പതിതനായി കംസാരെ കാലാഹിയാൽ ദഷ്ടനെന്നിരിക്കിലും ക്ഷുദ്രമാം സുഖത്തിങ്കൽ തല്പരനായൊരെന്നെ മുദ്ധരിച്ചീടണമൊക്ഷകരങ്ങളായിട്ടുള്ള വാക്കുകൾകൊണ്ടു കൃപയാഭിഷേചനമതും പാകാതെ മഹാനുഭാവ പ്രഭൊ ചെയ്തീടെണമെ ഇത്തരമുദ്ധവന്റെ ചോദ്യത്തെ കേട്ടനേരം ആത്തമോദത്തോടുത്തരമരുൾചെയ്തു ഇങ്ങിനെ ഇതുപണ്ടുധൎമ്മജ്ഞൻ ഭീഷ്മരോടു തങ്ങടെ സുഹൃത്പ്രധ്വംസംകൊണ്ടു വിഹ്വലനായ മംഗലനജാതശത്രു ക്ഷിതീശപൎദ്ധന്യൻ സംഗരാന്തയുദ്ധംകഴിഞ്ഞശേഷത്തിങ്കൽ ചോദ്യം ചെയ്തിതു തങ്ങളെല്ലാരും കേൾക്കെ തന്നെ ചോദ്യസ്യോത്തരമായി ബഹുധൎമ്മങ്ങൾ ഭീഷ്മർ പറഞ്ഞതെല്ലാം കേട്ടു ധൎമ്മജൻ താനും പിന്നെ നിറഞ്ഞൊരു മോക്ഷധൎമ്മങ്ങൾ ചോദ്യം ചെയ്തു ഗംഗാതനയന്റെ മുഖത്തിങ്കന്നു ശ്രുതങ്ങളായ്‌വുള്ളതും വിജ്ഞാനജ്ഞാനവൈരാഗ്യശ്രദ്ധാഭക്തി സംയുക്തങ്ങളായുള്ളോരു മോക്ഷധൎമ്മങ്ങളെ സംയമിയാകുന്നിനക്കായിക്കൊണ്ടു ചൊല്ലീടുന്നു പ്രകൃതി പുരുഷൻ മഹത്തഹങ്കാരം പ്രകടങ്ങളായുള്ള പഞ്ചതന്മാത്രകളും എന്നിതൊമ്പതും ജ്ഞാനകൎമ്മേന്ദ്രിയങ്ങൾ മനസ്സെന്നിവ പതിനൊന്നും മഹാഭൂതങ്ങളും ഗുണമെന്നിവമിരുപത്തെട്ടു തത്വങ്ങളെ ഗുണികളാം ബ്രഹ്മാദിസ്ഥാവരാന്തങ്ങളായ കാൎയ്യങ്ങളിലനുഗതങ്ങളെന്നിങ്ങിനെ ഐക്യ യാതൊന്നുകൊണ്ടു ദൎശിക്കപ്പെടുന്നിതു അത്രയുമല്ല പിന്നെ സൎവ്വഭാവങ്ങളിലും നിത്യമനുഗതമെകമാം പരതത്വം എന്നതും യാതൊന്നിനാൽ ദൎശിക്കപ്പെടുന്നിതു ഏന്നല്ല കാൎയ്യകാരണാത്മകമായ്ജഗത്തെ കണ്ടിടൻപരമകാരണരൂപന്താനിതു രണ്ടില്ലപക്ഷമതിങ്കനുവെറല്ലയെന്നും യാതൊന്നുകൊണ്ടു ദൎശിക്കപ്പെടുന്നിതു അതു വിതസൎവ്വജ്ഞാനമെന്നു ധരിച്ചാലും യാതൊന്നു എപ്പോഴും എനേകാനുഗതങ്ങളായ്സ്ഥാവരമനേകാത്മകങ്ങളായ്ഭാവങ്ങളെ പൂൎവ്വരിക്ഷിച്ചു പുനരിന്നുകളെ തഥാ പൂൎവ്വവൽ കണ്ടിടാതെയതെല്ലാമെകമെന്നും പരമകാരണമാം ബ്രഹ്മന്തന്നെ എന്നുള്ളൊരറിവു ദൃഢപ്പെടുന്നതു വിജ്ഞാനമെല്ലൊ പാരൊക്ഷ്യാപരൊക്ഷ്യങ്ങളായുള്ള ജ്ഞാനമെല്ലൊ നേരൊടെ ജ്ഞാനവിജ്ഞാനങ്ങളെന്നറിക നീ ത്രിഗുണാത്മകങ്ങളാം സാവയവങ്ങൾക്കെല്ലാം സ്ഥിതിയുമുല്പത്തിയും വ്യയവും കണ്ടിടേണം ഉല്പത്തിയിങ്കൽ പരിണാമാന്തരാപ്തിയിലും ശില്പം കാരണതൈനാദ്യേപാശ്രയതൈന കാൎയ്യാൽകാൎയ്യാന്തരം പ്രത്യനീശമനുഗമിച്ചാൎയ്യകെളുതുകടെ പ്രളയകാലത്തിലും യാതൊന്നു ശേഷിച്ചിരിക്കുന്നതുമതുതന്നെ പാരുഷ്യമതെ സത്തെന്നിങ്ങിനെ കണ്ടിടേണം ഇഹനാനാസ്തി കിഞ്ചിതു വികുന്നില്ലിത്യാദി ബഹുധാ ഘോഷിച്ചീടും നൽശ്രുതിപ്രമാണവും കാൎയ്യമാം ഘടപടാദികൾ മൃത്തന്തുക്കളെ വെറിട്ടന്യമല്ലെന്നു കാഴ്കയാൽ ചൈതന്യം വിട്ടന്യമൊന്നുമില്ലെന്ന പ്രത്യക്ഷപ്രമാണവും മുന്നുള്ള മഹാത്മാക്കൾ ബ്രഹ്മമെകമെന്നു ചൊല്ലീടും പ്രസിദ്ധമാമൈതിഹ്യപ്രമാണവും ചൊല്ലേഴും ശുക്തൌരജതഭ്രാന്തിപോലെ തന്നെ ദൃശ്യമെന്നാമനുമാനമാം പ്രമാണവും നശ്വരമായിട്ടുള്ള പ്രപഞ്ചജാലമെല്ലാം ഇന്നാലു പ്രമാണത്താൽ ബോധിക്കപ്പെടുകയാൽ ഒന്നെ സൎവ്വാനുഗതം സത്യമാമാത്മതത്വം ഇങ്ങിനെ കണ്ടുള്ളവൻ വികല്പം മിഥ്യയെന്നൊൎത്തങ്ങു വിരക്തനായ്‌വിചിന്തിട്ടുസകല കൎമ്മങ്ങൾക്കെല്ലാം പരിണാമിത്വം നിമിത്തമായി ബ്രഹ്മലോകത്തോളവും

മംഗലമല്ലെന്നല്ല അദൃശ്യസ്വർഗ്ഗാദിയും ദൃശ്യം പോലെ നശ്വരമെന്നവശ്യം വിചാരണയോടു ചിന്തിച്ചു കൊണ്ടിടേണം പണ്ടേ ഭക്തിയോഗത്തെ ചൊല്ലിനേനെന്നാകിലും മുന്നേതിൽ പ്രിയം ഭവാനതിനാലിനിയും ഞാൻ ചൊല്ലുന്നേൻ മൽഭക്തിക്കു പരമാം കാരണവും നല്ലൊരമൃതകഥാമൃതത്തിൽ വഴിപോലെ ശ്രദ്ധയും മൽകീർത്തനം മൽപൂജയിങ്കൽ നിഷ്ഠാ നിത്യവും സ്തവങ്ങളാൽ സ്തുതിച്ചുകൊള്ളുകയും മല്പരിചര്യയിങ്കൽ പരമാദരവും ശില്പമെ സർവ്വാംഗങ്ങൾകൊണ്ടഭിവന്ദനവും മാമകഭക്തന്മാരെ നിതരാം പൂജിക്കയും സാമോദം സർവ്വഭൂതങ്ങളിലും മന്മതിയും ലൌകികിയായുള്ളംഗചേഷ്ടപോലും മദർത്ഥം ചെയ്യുകയും വാക്കുകൊണ്ടു മൽഗുണകഥനവും മനസ്സമർപ്പണമെല്ലായ്പോഴും കാമങ്ങളെ നൂനം സർവ്വവും വിട്ടു കൊൾകയുമർത്ഥങ്ങളെ മദ്ഭജനാർത്ഥം ത്യാഗം ചെയ്കയും ഭോഗം സുഖ മദ്ദത്തമിഷ്ടം ദത്തം ഹുതവും ജപവും തപഃ വ്രതവുമിത്യാദി ചെയ്യുന്നതു മദർത്ഥമായിട്ടതായെങ്കിൽ മദ്ഭക്തിക്കു കാരണമാം ഇങ്ങിനെയുള്ള ധർമ്മംകൊണ്ടുത്തമ നിവേദനം മംഗലം ചെയ്യുന്ന മനുഷ്യന്മാർക്കുദ്ധവ സന്തതമെങ്കൽ ഭക്തി സംഭവിച്ചീടുന്നു മറ്റെന്തൊന്നായവന്നു സാദ്ധ്യങ്ങളായിവരുന്നില്ലാ സത്വോപബൃംഹിതമായ ശാന്തമായിട്ടുള്ള ചിത്തത്തെയെങ്കലെപ്പോൾ അർപ്പണം ചെയ്തീടുന്നു അപ്പോഴെയവൻ ധർമ്മം ജ്ഞാനം വൈരാഗ്യവും ശില്പമാമൈശ്വര്യവും സമ്പ്രാപിച്ചീടുമെടോ എപ്പോഴെ ചിത്തം ദേഹഗേഹാദിവസ്തുക്കളിലർപ്പിതമായിട്ടു ഇന്ദ്രിയഗണത്തോടും പരിധാവനം ചെയ്തീടുന്നിതപ്പോഴെ താൻ സരജസ്സായസന്നിഷ്ഠമായ്‌വരികുന്നു അതിനാലധർമ്മാദ്യങ്ങളുമുണ്ടാകുന്നിതെ നാരിക ധർമ്മം മദ്ഭക്തിയുണ്ടാക്കുന്നതാം ജ്ഞാനമങ്ങേകാത്മദർശനമാം വൈരാഗ്യമൊ നാനാവാം ഗുണങ്ങളിലസംഗതമാകുന്നു ഐശ്വര്യമെന്നാലണിമാദികളറിഞ്ഞാലും ഈശ്വരൻ കൃഷ്ണനേവമരുൾചെയ്തതുകേട്ടു ഉദ്ധവർ പതിന്നാലതു ചോദിച്ചീടുന്നു സത്യപൂരുഷ എത്രവിധമാകുന്നു യമം നിയമമെത്രവിധം ശമവും ദമവും കിം ഭഗവൻ തിതിക്ഷയും ധൃതിയുമെന്തെ പ്രഭൊ ദാനം കിം തപഃ ശൌര്യം സത്യവൃതം ശൌചം ജ്ഞാന പ്രഭൊ ത്യാഗം ധനവുമിഷ്ടവും കിം യജ്ഞവും ദക്ഷിണയും കിം ബലം സ്വാമിൻ യജ്ഞാംഗ പ്രഭോ ശ്രീയും ശ്രീമത്തായുള്ള ഭഗം ലാഭവുമെന്തു വിദ്യാ ഹ്രീയുമെന്തായിടുന്നു ശ്രീഭൂമിപതെ പരയായുള്ള ശ്രീയുമെന്തു സുഖവും ദുഃഖവും കിം പണ്ഡിതനാരു മൂഢൻ നിഖിലേശ്വര പന്ഥാവെന്തെന്നു മതപഥം കിം സ്വർഗ്ഗവും നരകവും ബന്ധുവും ഗൃഹവും കിം വല്ലഭാ ധനം ചൊല്ലുക ആഢ്യനാർ ദരിദ്രനാർ കൃപണനാരു ചൊല്ലുകീശ്വരനാരു നാഥ കൃപയാ ചൊല്ലണമിപ്രശ്നങ്ങൾക്കുത്തരവും ഇതിന്റെ വിപരീതങ്ങളുമച്യുത സൽപതിയായുള്ള ദേവദേവ ദേവകീസൂനൊ ഉദ്ധവന്റെ പ്രശ്നമിത്തരം കേട്ടനേരം കമലലോചനൻ ചിരിച്ചുത്തരമരുൾചെയ്തു അഹിംസാ സത്യം പുനരസ്തേയമസംഗവും മഹിതബുദ്ധെ പിന്നെ ഹ്രീയുമസഞ്ചയം ആസ്തിക്യമെന്നുള്ളതാം ധർമ്മത്തിൽ വിശ്വാസവും ഓർത്തുകാൺ ബ്രഹ്മചര്യം സ്ഥൈര്യവും ക്ഷമാഭയം മൌനമിപ്പന്നിരണ്ടും യമങ്ങളെന്നറിക നൂനം ബാഹ്യാഭ്യന്തര ശൌചത്തെക്കൂട്ടിരണ്ടു ജപവും തപോഹോമശ്രദ്ധാതിഥ്യമർച്ചാ ശുഭമാം തീർത്ഥാടനം നല്ലൊരു പരാർത്ഥേഹാ തുഷ്ടിയുമാചാര്യസേവനമിപ്പന്നിരണ്ടും പുഷ്ടമാം നിയമങ്ങൾ മുമുക്ഷുക്കളായോർക്കു യമമാകുന്നു മുഖ്യം കേട്ടാലും സകാമന്നു സമമെ നിയമവും മുഖ്യമെന്നറികയെന്നും ഇത്തരമിതിന്നുരൂപമായെല്ലാവിധം പോൾ ഏറികല്പിതങ്ങളാം കാമങ്ങൾ സിദ്ധിച്ചിടും മന്നിഷ്ഠയായ ബുദ്ധി ശമമെന്നറിഞ്ഞാലും നിശ്ചയം ശാന്തിമാത്രമല്ലുള്ളപോലെ ദമം ഇന്ദ്രിയസംയമമാം ചൊന്നാദിമമന്നല്ലെന്നല്ല തിതിക്ഷ ദുഃഖങ്ങടെ സഹനമാം ജിഹ്വോപസ്ഥങ്ങളുടെ ജയമാകുന്നു ധൃതി ബഹുവിധമാം ദ്രവ്യങ്ങളുടെ ദ്രോഹത്യാഗമാകുന്നു പരമമായുള്ളൊരു ദാനം സകലങ്ങളായ കാമങ്ങളുടെ ത്യാഗം തപഃ വാസനാസ്വഭാവത്തെ ജയിക്കുന്നതു ശൌര്യം ഭാസുരാകൃതെ സത്യം സമദർശനമെടൊ സത്യയാസ്സൂരിയായിട്ടുള്ള വാണിയാമൃതം നിത്യവും കർമ്മസ്വസക്തിയാകുന്നു ശൌചം ത്യാഗം സന്ന്യാസം ഇന്നോരിഷ്ടമായുള്ള ധനമാകുന്നു ധർമ്മം പരമേശ്വരനാം ഞാൻ തന്നെ യജ്ഞം ദക്ഷിണാ കേൾക്ക ജ്ഞാനോപദേശം തന്നെ ശ്രേഷ്ഠയമനസ്സിനെ പ്രാണായാമത്തെക്കൊണ്ടു ദമിച്ചുകൊള്ളുന്നതു പരമായുള്ള ബലം നമുക്കുള്ളൈശ്വര്യാദിഷാഡ്ഗുണ്യം ഭഗമെടൊ ഉത്തമമായ മദ്ഭക്തിയാകുന്നു ലാഭം വിദ്യയും ഭേദപ്രതീതിയുടെ ബാധനമാം അകർമ്മങ്ങളിൽ ജുഗുപ്സാ ഖലു ലോകനം ലജ്ജാ അകമേ നൈരപേക്ഷ്യാദ്യങ്ങളാം ഗുണം ശ്രീയും സുഖദുഃഖാനുസന്ധാനാഭാവമെത്രെ സുഖം നിഖിലവിഷയഭോഗാപേക്ഷയല്ലൊ ദുഃഖം ബന്ധമോക്ഷത്തെയറിയുന്ന

വൻ പ്രസിദ്ധനാം സന്തതം ദേഹഗേഹാദികളിലഹമ്മമത്വാദിമാനവാനായയോൻ ഏകപന്നനറിഞ്ഞാലും ശുഭമാംനിവൃത്തിമാർഗ്ഗം തന്നെ പ്രസാദമെന്നോ ദുഃഖം പ്രവൃത്തിമാർഗ്ഗം ചിന്തവിക്ഷേപമം അജ്ഞതാസ്വപ്നഗുണവൃദ്ധിയാകുന്നു സ്വർഗ്ഗം നരകം തമോഗുണവൃദ്ധിയാകുന്നു സഖേ ഗുരുവാമഹം തന്നെ ബന്ധുവാകുന്നതുമെടോ ഗൃഹമായതും ഓർ ശായതനം മർത്ത്യദേഹം മഹിതഗുണയുക്തനാകുന്നിതാഢ്യനെടോ അസന്തുഷ്ടനായുള്ളോനാകുന്നു ദരിദ്രൻ കേൾ അജിതേന്ദ്രിയനായിട്ടുള്ളവൻ കൃപണനാം ഗുണസംഘാതങ്ങളിലസക്തചിത്തനീശൻ ഗുണസംഗമം വിപരീതമാമത്രയുമല്ല ഇപ്പറഞ്ഞതിൻ വിപരീതങ്ങളശമാദി സർവ്വദൈവസസ്വത്രാപിയോജിച്ചുകൊണ്ടീടുക ഉദ്ധവ ഭവാനുടെ പ്രശ്നങ്ങളെല്ലാററിന്നു മുത്തരംവഴിപോലെ ചൊല്ലിനേനെടോ സഖേ ഗുണദോഷങ്ങൾ ബോദ്ധവ്യങ്ങളിച്ചിട്ടെന്തു ഫലം ഗുണദോഷങ്ങൾ കണ്ടീടും സ്വഭാവമേ ദോഷം അതു രണ്ടും കാണാതെ നൽസ്വഭാവമേ ഗുണമിതി ഏകോനവിംശോദ്ധ്യായം കഴിഞ്ഞിതു (൧൯)

ഇത്തരം യോഗമീശനരുൾ ചെയ്യതു കേട്ടു ഉദ്ധവർ പതിന്നാലാമതു ചോദിച്ചീടുന്നു വിധിയും നിഷേധവുമീശ്വരനായുള്ളോരു മധുസൂദനതവാജ്ഞാരൂപവേദമെല്ലോ അതു ഗോവിന്ദ ചതുര്വേദങ്ങളായും ചെയ്തു കർത്താക്കളായുള്ളോരു കർമ്മങ്ങൾക്കുടെ ഗുണദോഷത്തെയപേക്ഷിച്ചു കൊണ്ടിരിക്കുന്നു ഹേ നിന്നായകശയനപ്രഭൊ കേട്ടരുൾക ഉത്തമാധമാദ്യധികാരികളായുള്ളോരു തത്ത്വൈപ്പാശ്രമികളുടെയവരത്തെയും ഗുണദോഷരൂപമായിട്ടപേക്ഷിച്ചീടുന്നു ഗുണവാനെ പ്രാതിലോമ്യാനുലോമജരെയും അപ്രകാരമെ ഗുണദോഷത്തെയപേക്ഷിതെ സർവ്വതദ്രവ്യദേശവയഃകാലങ്ങളെയും കർമ്മയോഗ്യായോഗ്യത്താൽ സ്വർഗ്ഗനരകത്തെയും ചെമ്മെ തൽഫലയാ ഗുണദോഷരൂപമാം ബുദ്ധിയെ അപേക്ഷിച്ചീടുന്നിതു ജഗന്നാഥ ചൊന്നതു ഗുണദോഷഭേദ്രഷ്ടിയെവിട്ടാത വിഹിതനിഷേധലക്ഷണമായിട്ടന്തവ മഹിതവാക്കായിട്ടുമുള്ളോരു കർമ്മബന്ധം എങ്ങിനെ വിശ്രമപദപസ്ഥിനിനെടോ തെങ്ങിനെ മനുഷ്യർ മോക്ഷം സംഭവിച്ചീടും ദേവകൾ പിതൃക്കളും മനുഷ്യരിവർക്കെല്ലാം ദൈവശചക്ഷുസ്സുവവാക്യമാം വേദമെത്രെ അനുപലബ്ധമായ സാദ്ധ്യത്തിൽ മോക്ഷത്തിലും അതുപോലവെ സാദ്ധ്യസാധനങ്ങൾക്കും കൃഷ്ണ നിന്തിരുവടിയുടെ വാക്യമാം വേദമെത്രെ സന്തതം ശ്രേഷ്ഠമായ ചക്ഷുസ്സായ്‌വിളങ്ങുന്നു വേദിയാജ്ഞാരൂപവേദത്തിങ്കൽ നിന്നെത്രെ ഭഗവൻ ഗുണദോഷഭേദത്തെയറിയുന്നു അല്ലാതെതാനെ തന്നെയല്ലെല്ലൊ ഗുണദോഷാഭ്യാർദ്ദാനഭേദത്തിനു ഉല്പാദമതും താവകാജ്ഞാരൂപമാം വേദങ്ങൾകൊണ്ടുണ്ടാകുന്നു ഭേദം വന്നമായതിങ്കെ ഗുണദോഷദൃഷ്ടിയെ ദോഷമെന്നും രണ്ടും വിട്ടതു ഗുണമെന്നും കേശവ ഭവാനരുളിച്ചെയ്തുവിഷയത്തിൽ സ്വസ്ഥമായ്മരന്തോന്നീടുന്നു മേ ജഗൽപ്രഭൊ ചെട്ടന്നിപ്രമത്തെതീർത്തരുളേണമെ ഹിതൊല്ലുത്തരമുദ്ധവൻ ചൊദ്യം കെട്ടനേരം ഭക്തശോചനൻ കൃഷ്ണനിത്തരമരുൾ ചെയ്തു വിഷയത്തെന്തിലുമധികാരികളെ ചൊന്നാൽ അഖിലെശ്വരമെന്നു ഉപചിപ്പാനായ്ക്കൊണ്ടു പ്രഥമം യോഗത്രയമരുൾചെയ്യുന്നു നാഥൻ പ്രഥിതയോഗങ്ങൾ മൂന്നിനാലെ മനുഷ്യർക്ക് ശ്രേയഃപ്രാപ്തിയ്ക്കായ്ക്കൊണ്ടു ഞാൻ പ്രോക്തങ്ങളായിട്ടുണ്ട് ജ്ഞാനകർമ്മഭക്തികാണ്ഡങ്ങൾ മൂന്നും ഇതുമൂന്നല്ലാതെ മറ്റില്ലുപായങ്ങളൊന്നും ഇവരിൽവെച്ചു കർമ്മജാലത്തിൽ ദുഃഖബുദ്ധ്യാ തൽഫലത്തിലും വിരക്തന്മാരായുള്ളവർന്നാത്തസാധനഭൂതകർമ്മത്തെ വിട്ടിന്നോർക്ക ജ്ഞാനയോഗസിദ്ധിയെന്നതുമറിഞ്ഞാലും നൂനം കർമ്മത്തിൽ ദുഃഖബുദ്ധിശൂന്യരായതു മൂലമായ്‌ഫലേച്ഛുകാമികളായുള്ളോർക്ക് ചാലവെ കർമ്മയോഗസിദ്ധിയറികെടൊ എന്തോ ഭാഗ്യോദയാൽ മൽകഥാദ്യങ്ങളിങ്കൽ സന്തതം ജാതശ്രദ്ധനായുള്ള കർമ്മങ്ങളിലേറ്റം വിരക്തനല്ല പിന്നെ തൽഫലസക്തനുമല്ലവർക്കും ഭക്തിയോഗസിദ്ധിമെടോ സാവധിയായ കർമ്മയോഗത്തെച്ചൊല്ലീടുന്നു കേവലനിനിമേലിൽ അനുധരിച്ചാലും മൽകഥാശ്രവണാദ്യങ്ങളിലെത്രത്തോളവും മൽകഥയായ ശ്രദ്ധാസംഭവിച്ചതുമില്ല നല്ലോരു വിരക്തിയും വന്നീലത്രത്തോളവും നല്ലോരു കർമ്മങ്ങളെ ചെയ്യേണമെന്നവൻ ചെന്നു സ്വധർമ്മസ്ഥനായ കാരണമായി യജ്ഞങ്ങളാൽ സന്തതം യജിക്കയും നിഷിദ്ധാചരണവും വിഹിതാതിക്രമവും ചെയ്തീലയെങ്കിലവൻ നരകസ്വർഗ്ഗങ്ങളെ പ്രാപിച്ചീടുകയില്ല അനഘനായ ശുചിയായുള്ളോരു സ്വധർമ്മസ്ഥൻ അനിശമിദേഹത്തിങ്കൽ തന്നെ വർത്തിച്ചീടിലും വിശുദ്ധജ്ഞാനവും മൽഭക്തിയും യദൃച്ഛയാ വിശുദ്ധനായവൻ പ്രാപിച്ചീടുന്നു മമ സഖെ ജ്ഞാനഭക്തികളുടെ സാധകമീ ദേഹത്തെ നൂനം സ്വർഗ്ഗികളുമെന്നല്ല നാരകി

ണ്ടും ഇച്ഛിച്ചീടുന്നു സ്വർഗ്ഗനരകശരീരങ്ങൾ നിശ്ചയം രണ്ടും സാധകമല്ലറിഞ്ഞാലും എങ്ങിനെ നാരകിയാം
